15
2026
ഒക്ടോബർ
വ്യാഴം
കന്നി 29

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 192 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-192 പേജ് 4. വില 2.00 രൂപ




02 സമ്പൂർണ മദ്യനിരോധനം നയമായി പ്രഖ്യാപിക്കണം: മദ്യവിരുദ്ധ സമിതി
03 ഐഎസ്ആർഒയുടെ റോബോട്ടിക്സ് വികസന കരാർ സ്വന്തമാക്കി ജെൻ റോബോട്ടിക്സ്
04 കരമന കൂടം തറവാട്ടിലെ കൊലപാതകം: രവീന്ദ്രൻെറ കൂട്ടുപ്രതികളെയും അറസ്റ്റ് ചെയ്യും

# സമുദ്രത്തിൽ നിന്നുള്ള വരുമാനം വർധിപ്പിക്കാൻ കർമപരിപാടികൾ



## 120 ദിവസം: 12 സുപ്രധാന മാറ്റങ്ങൾ നടപ്പാക്കി

തിരുവനന്തപുരം: വി.ഡി. സതീശൻറെ നേതൃത്വത്തിലുള്ള യുഡിഎഫ് സർക്കാർ അധികാരമേറ്റ് 120 ദിവസത്തിനുള്ളിൽ 12 മേഖലകളിൽ സുപ്രധാന മാറ്റങ്ങൾ നടപ്പാക്കി ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെന്നെന്നു സർക്കാർ. "ജനങ്ങളിലേക്ക് സർക്കാർ' എന്ന ആശയം മുന്നിൽ നിർത്തി നടപ്പാക്കിയവയിൽ ഏറ്റവും പ്രധാനമായി ചൂണ്ടിക്കാട്ടുന്നത് സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിലെ സൗജന്യ യാത്രയും വയോജനങ്ങൾക്കായുള്ള പ്രത്യേക പരിഗണനയുമാണ്.

ഒപ്പം സമുദ്രത്തിൽനിന്നുള്ള വരുമാനം വർധിപ്പിക്കാനുള്ള വിവിധ കർമപരിപാടികളും ഉൾക്കൊള്ളുന്നു. ക്ഷേമപെൻഷൻ മുടങ്ങാതെ അർഹരായവരുടെ കൈകളിലെത്തിച്ചെന്നതും 7.5 ലക്ഷം മുൻഗണനാ റേഷൻ കാർഡുകൾ നൽകയെന്നതും മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ചെന്നതും ഏറെ സന്തോഷം നൽകുന്ന കാര്യങ്ങളെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. മേയ് 18 നാണ് സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്.

സർക്കാരിൻറെ പ്രവർത്തനം സർക്കാർ ഓഫീസുകളിൽ മാത്രം ഒതുങ്ങാതെ ജനങ്ങളിലേക്ക് എന്ന ആശയം നടപ്പിലാക്കുകയാണ് പ്രധാന ലക്ഷ്യം.

=400 കോടിയുടെ മിഷൻ സമുദ്ര പദ്ധതി ക്കും വിഴിഞ്ഞത്ത് പുതിയ മത്സ്യബന്ധ

=തുറമുഖപദ്ധതിക്കും തുടക്കമിട്ടു.

=ഒരു ലക്ഷത്തോളം ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കി. പട്ടയവിതരണം വേഗത്തിലാക്കി.

=വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരം വർധിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടു. ഇതിനായി 55 മുൻഗണനാ പഞ്ചായത്തുകളിൽ പ്രത്യേക പദ്ധതിയാണ് നടപ്പാക്കുന്നത്.

=മത്സ്യവിൽപന നടത്തുന്ന സ്ത്രീകൾക്ക് ഇ-സ്കൂട്ടർ, പൊതുസ്ഥലങ്ങളിൽ കുറഞ്ഞ നിരക്കിൽ നാപ്കിൻ, ആശാ പ്രവർത്തകർക്ക് കൂടുതൽ വേതനം, ജോലിചെയ്യുന്ന സ്ത്രീകളുടെ കുട്ടികൾക്കായി ക്രെഷ് സൗകര്യം എന്നിവ നടപ്പിലാക്കി.

= നെൽകർഷകരുടെ കുടിശിക തീർത്തു.

= പിന്നോക്ക വിഭാഗം വിദ്യാർഥികളുടെ310 കോടി രൂപയുടെ സ്കോളർഷിപ്പ് കുടിശിക നൽകി. ആരോഗ്യവകുപ്പിലെ 200 കോടി രൂപയുടെ പഴയ ബാധ്യതയുംഒഴിവാക്കി.

=പ്രവാസി പെൻഷൻ കുടിശിക തീർക്കാനായി 32 കോടി രൂപയും അനുവദിച്ചു.

സ്ത്രീകൾക്ക് രാത്രികാല യാത്രയ്ക്ക് പിങ്ക് ബസ് നടപ്പിലാക്കി.

=സർക്കാർ ആശുപത്രിയിൽ കിടക്ക രോഗിയുടെ അവകാശമാക്കാനുള്ള നടപടി കൈക്കൊണ്ടെന്നും പ്രാദേശികതലത്തിൽ വിദഗ്ധ ചികിത്സയ്ക്ക് പ്രതീക്ഷാ കേന്ദ്രങ്ങൾ, കാരുണ്യ പദ്ധതിക്ക് അധിക ഫണ്ട്, ആരോഗ്യവെൽനെസ് തുടങ്ങിയവയും നടപ്പാക്കി. സ്വകാര്യആശുപത്രികളിലെ ചികിത്സാ ചെലവ് നിയന്ത്രിക്കാൻ നിയമനടപടി സ്വീകരിച്ചു. എല്ലാവർക്കും ചികിത്സ കിട്ടണമെന്നും അത് സുതാര്യമായും വിശ്വസനീയമായും കിട്ടണം എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളതെന്നും വ്യക്തമാക്കുന്നു.

=റബറിൻറെ താങ്ങുവില 250 രൂപയായി ഉയർത്തി.

=തെങ്ങുകൃഷിക്ക് കൂടുതൽ സഹായം നൽകി

## പരമ്പരാഗത നെൽകൃഷിയുടെ സംരക്ഷകൻ പത്മശ്രീ ചെറുവയൽ രാമൻ അന്തരിച്ചു



മാനന്തവാടി: പരമ്പരാഗത നെൽകൃഷിയുടെ സംരക്ഷകനും പത്മശ്രീ ജേതാവുമായ ചെറുവയൽ രാമൻ അന്തരിച്ചു. പാരമ്പര്യ നെൽവിത്തുകളുടെയും കൃഷിയുടെയും കാവലാളായിട്ടാണ് ചെറുവയൽ രാമൻ അറിയപ്പെട്ടിരുന്നത്.74ാം വയസിലായിരുന്നു അന്ത്യം. 2023ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.വയനാട് എടവക പഞ്ചായത്തിലെ കമ്മനയിൽ ചെറുവയൽ കുറിച്യ തറവാട്ടിൽ ആണ് രാമൻ ജനിച്ചത്. രാമന് അടുത്തിടെ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പ്രഥമ ഉമ്മൻ ചാണ്ടി കാർഷിക പുരസ്കാരം ലഭിച്ചിരുന്നു.

## ചെറുവയൽ രാമന്റെ വിയോഗത്തിൽ മുഖ്യമന്ത്രി അനുശോചിച്ചു.

വയനാടിന്റെ മണ്ണിൽ തലമുറകളുടെ ഓർമ്മകൾക്ക് കാവൽ നിന്ന കർഷകനായിരുന്നു ചെറുവയൽ രാമൻ. അന്യംനിന്നു പോയേക്കാമായിരുന്ന പാരമ്പര്യ നെൽ വിത്തിനങ്ങളെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി, വരും തലമുറയ്ക്കു കരുതിവച്ച ചെറുവയൽ രാമൻ യാഥാർത്ഥത്തിൽ കാർഷിക പൈതൃകത്തിന്റെ കാവൽക്കാരനായിരുന്നു.കൃഷി വെറുമൊരു ഉപജീവനമാർഗമല്ലെന്നും മണ്ണിനോടും പ്രകൃതിയോടുമുള്ള ഉത്തരവാദിത്തമാണെന്നും സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം ലോകത്തോട് പറഞ്ഞു. മണ്ണിന്റെ മണവും വിത്തുകളുടെ കരുതലും കൃഷിയുടെ നന്മയും പുതിയ തലമുറയ്ക്ക് പകർന്നു നൽകിയ ആ ജീവിതം എക്കാലവും ഓർമിക്കപ്പെടും.യു.ഡി.എഫ് സർക്കാർ അധികാരമേറ്റെടുത്ത ശേഷം ചിങ്ങം ഒന്നിന് പ്രഖ്യാപിച്ച പ്രഥമ ഉമ്മൻചാണ്ടി സ്മാരക കാർഷിക പുരസ്കാരം അദ്ദേഹത്തിന് സമ്മാനിക്കാൻ കഴിഞ്ഞത് വലിയ സന്തോഷവും അഭിമാനവുമായിരുന്നു. ചെറുവയൽ രാമന്റെ വിയോഗം കേരളത്തിന്റെ കാർഷിക മേഖലയ്ക്കും പൈതൃക സംരക്ഷണത്തിനും തീരാനഷ്ടമാണ്. അദ്ദേഹം കാത്തു സൂക്ഷിച്ച ഓരോ വിത്തിലും വരും തലമുറയ്ക്കുള്ള പ്രതീക്ഷയുണ്ട്. ആ പ്രതീക്ഷ മണ്ണിൽ നിലനിർത്തുക എന്നതാണ് അദ്ദേഹത്തോടുള്ള ഏറ്റവും വലിയ ആദരവ്. ആദരാഞ്ജലികൾ.

## നെടുമ്പാശേരി വാഹനാപകടം: അന്വേഷണത്തിന് പ്രത്യേക സംഘം

കൊച്ചി: നെടുമ്പാശേരി മിനി കൂപ്പർ വാഹനാപകടത്തിൽ എറണാകുളം റൂറൽ എസ്പിയുടെ നേതൃത്വത്തിൽ എസ്ഐടി രൂപീകരിച്ചു. നിലവിൽ പ്രതികളെ കസ്റ്റഡി അപേക്ഷയ്ക്കായി അങ്കമാലി മജിസ്ട്രേറ്റ് കോടതിയിൽ എത്തിച്ചിരിക്കുകയാണ്.

മൂന്നു പേർ ദാരുണമായി കൊല്ലപ്പെട്ട അപടകത്തിൽ പണവും സ്വാധീനവുമുള്ള പ്രതി സുഹൈൽ സജീവിനെ രക്ഷിച്ചെടുക്കാനുള്ള ശ്രമമാണ് പൊലിസ് നടത്തുന്നതെന്ന് മരിച്ചവരുടെ കുടുംബങ്ങൾ ആരോപിച്ചിരുന്നു. കുടുബത്തിന് പിന്നാലെ സിപിഎമ്മും പൊലിസിനെതിരെ രംഗത്തെത്തി.നെടുമ്പാശേരി പൊലിസ് സ്റ്റേഷനിലേക്ക് സിപിഐഎം, ഡിവൈഎഫ്ഐ പ്രവർത്തകർ പ്രതിഷേധ മാർച്ച് നടത്തി. അതേസമയം, പ്രായപൂർത്തിയാകാതെ ബാറിൽ കയറി മദ്യപിച്ചതിന് സുഹൈലിനെതിരെ എക്സൈസും കേസ് എടുത്തിട്ടുണ്ട്. സുഹൈൽ നൽകിയ ജാമ്യാപേക്ഷ നാളെ അങ്കമാലി മജിസ്ട്രേറ്റ് കോടതി പരിഗണിക്കും.

നരഹത്യയ്ക്കാണ് സുഹൈലിനെതിരെ പൊലിസ് കേസ് എടുത്തത്. അപകടം നടന്ന സ്ഥലത്തും മദ്യപിച്ച ബാറുകളിലും തെളിവെടുപ്പ് നടത്തും. സുഹൈൽ ഏതൊക്കെ ലഹരി ഉപയോഗിച്ചിട്ടുണ്ട് എന്ന് സ്ഥിരീകരിക്കാനായി രക്ത സാമ്പിൾ ലാബ് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

മദ്യപിച്ച് വണ്ടിയോടിച്ചത് തടയാതിരുന്നതിനാണ് സുഹൈലിനൊപ്പം കാറിലുണ്ടായിരുന്ന നിനവ്, അമീൻ, ജോയൽ എന്നിവരുടെ പേരിലുള്ള കേസ്. ഇവരും ലഹരിവസ്തുക്കൾ ഉപയോഗിച്ചിരുന്നോ എന്നും പരിശോധിക്കുന്നുണ്ട്.

ഞായറാഴ്ച പുലർച്ചെ ഒന്നേമുക്കാലോടെ നെടുമ്പാശ്ശേരി എയർപോർട്ട് റോഡിൽ വാളെപ്പുറത്താണ് അപകടമുണ്ടായത്. ദക്ഷിണ കന്നഡ സുള്ളിയ സ്വദേശി ഇയ്യാസ് ഇബ്രാഹിം (21), കൽപ്പറ്റ സ്വദേശിനി ദേവിക (21), മണ്ണാർക്കാട് സ്വദേശിനി ഗോപിക (21) എന്നിവരാണ് മരിച്ചത്.

## ഇന്ന് വനിതാ കർഷകദിനം

### മത്സ്യമേഖലയിൽ സിഎംഎഫ്ആർഐയുടെ വനിതാ ശാക്തീകരണം

### കേരളത്തിൽ 84 മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾ, കുടുംബവരുമാനത്തിൽ 35 ശതമാനം വരെ വർധനവ്

കൊച്ചി: കൂടുമത്സ്യകൃഷി, അലങ്കാര മത്സ്യം വളർത്തൽ, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉൽപാദനം തുടങ്ങി വിവിധ മേഖലകളിൽ തീരദേശ വനിതകളെ സംരംഭകരാകാൻ സഹായിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ)

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെയുള്ള സിഎംഎഫ്ആർഐയുടെ സയൻസ് ടെക്നോളജി ഇന്നൊവേഷൻ (എസ്ടിഐ) ഹബിന്റെ നേതൃത്വത്തിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ കേരളത്തിലെ എട്ട് ജില്ലകളിലായി 84 മൈക്രോ സംരംഭങ്ങളാണ് ആരംഭിച്ചത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഏറെയും.

ഈ പദ്ധതിയിലൂടെ 220 സ്ത്രീകളും ആറ് ട്രാൻസ്ജെൻഡറുകളും ഉൾപ്പെടെ 469 പേർക്ക് നേരിട്ട് പ്രയോജനം ലഭിച്ചു. കൂടാതെ ഏകദേശം 2,500 പേർക്ക് പരോക്ഷമായ നേട്ടങ്ങളും പദ്ധതിവഴി ലഭിച്ചുവരുന്നു.

പദ്ധതിയുടെ അവലോകനമനുസരിച്ച് ഗുണഭോക്താക്കളുടെ കുടുംബവരുമാനത്തിൽ 30 മുതൽ 35 ശതമാനം വരെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് എസ്ടി ഐ ഹബിന് നേതൃത്വം നൽകുന്ന ഡോ. വിപിൻ കുമാർ വി. പി. പറഞ്ഞു. സാങ്കേതിക മികവും സംരംഭകശേഷിയും മെച്ചപ്പെടുത്തുന്നതിനായി എസ്ടിഐ ഹബ്ബിന്റെ കീഴിൽ 141 പരിശീലന പരിപാടികൾ ഇതിനകം സംഘടിപ്പിച്ചു.കൂടുമത്സ്യ കൃഷി, കരിമീൻ വിത്തുത്പാദനം, അലങ്കാര മത്സ്യകൃഷി, സംയോജിത മത്സ്യകൃഷി, കല്ലുമ്മേക്കായ - കടൽ മുരിങ്ങ കൃഷി, മൂല്യവർദ്ധിത മത്സ്യോൽപന്ന യൂണിറ്റുകൾ, മീൻ വിൽപ്പന, ഉണക്കമീൻ ഉത്പാദന യൂണിറ്റുകൾ തുടങ്ങിയ വിവിധ മേഖലകളിലാണ് സംരംഭങ്ങൾ. മത്സ്യക്കൂട് നിർമ്മാണം, അക്വേറിയം ബിസിനസ്, സംയോജിത മത്സ്യകൃഷി, മത്സ്യവിത്ത് വിതരണം തുടങ്ങിയ മേഖലകളിൽ പ്രഫഷണലുകളായി മാറിയവരുമുണ്ട്.

പരമ്പരാഗത തൊഴിൽ മേഖലകളിൽ മാത്രം ഒതുങ്ങിനിൽക്കാതെ, മത്സ്യമേഖലയിലെ വിവിധരംഗങ്ങളിൽ ഉത്പാദകരും സേവന ദാതാക്കളും ബിസിനസ് ഉടമകളുമായി മാറാൻ ഈ പദ്ധതി സ്ത്രീകളെ സഹായിച്ചതായി സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. സിഎംഎഫ്ആർഐയുടെ അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ, കൃഷി വിജ്ഞാന കേന്ദ്രം എന്നിവയുടെ സഹായത്തോടെ സാങ്കേതിക കൈമാറ്റം, പരിശീലനം, സംരംഭകത്വ മാർഗ്ഗനിർദ്ദേശം, വിപണി സൗകര്യമൊരുക്കൽ എന്നിവ ചെയ്ത് വരുന്നുണ്ട്.

കുറഞ്ഞ വരുമാനവും പരിമിതമായ തൊഴിൽ അവസരങ്ങളിലുമായി ജീവിക്കുന്ന തീരദേശ ജനതയുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. വനിതാ കർഷദിനമായ ഇന്ന് (വ്യാഴം) ദേശീയ കർഷക പുരസ്കാര ജേതാവും സിഎംഎഫ്ആർഐ പദ്ധതിയുടെ ഗുണഭോക്താവുമായ ഡോ. അഖിലമോളുടെ കൊടുങ്ങല്ലൂരിലെ മത്സ്യഫാമിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. വനിതാ സംരംഭകരുടെ അനുഭവങ്ങളും വിജയഗാഥകളും ചടങ്ങിൽ പങ്കുവെക്കും.



സിഎംഎഫ്ആർഐയുടെ എസ്ടിഐ ഹബ് ഗുണഭോക്താവായ ഡോ അഖിലമോൾ കൊടുങ്ങല്ലൂരിലെ മത്സ്യ വിത്തുൽപാദന യൂണിറ്റിൽ



സിഎംഎഫ്ആർഐയുടെ എസ്ടിഐ ഹബ് ഗുണഭോക്താവായ ശുഭ എൽ എസ് ഏഴിക്കരയിലെ കൂടുമത്സ്യ കൃഷി യൂണിറ്റിന് സമീപം



# പുനലൂർ നഗരസഭാ മേഖലയിൽ ജലവിതരണം പൂർണതോതിൽ

പുനലൂർ : നഗരസഭാപ്രദേശത്ത് വെള്ളമെത്തിക്കുന്ന പുനലൂർ ജലവിതരണ പദ്ധതിയിലെ ജലവിതരണം പൂർണതോതിലായി. നേരത്തെ കൊല്ലം-തിരുമംഗലം ദേശീയപാതയിലൂടെ സ്ഥാപിച്ചിട്ടുള്ള വിതരണക്കുഴലിലെ ചോർച്ച നാലാംദിവസവും കണ്ടെത്താനായിരുന്നില്ല. തുടർന്ന് ജലവിതരണം പുനഃസ്ഥാപിക്കാൻ നിലവിലെ കുഴലിനു സമാന്തരമായി പുതിയത് സ്ഥാപിച്ചു. കെഎസ്ആർടിസി ജംഗ്ഷനിൽ മൂന്നുദിവസമായി കുഴിച്ചു പരിശോധിച്ചെങ്കിലും ഉറവിടം കണ്ടെത്താനായില്ല. അതിനാലാണ് പുതിയ പൈപ്പ് സ്ഥാപിച്ചത്.

20 മീറ്റർ നീളത്തിൽ 200 മില്ലിമീറ്റർ വ്യാസമുള്ള ആസ്ബസ്റ്റോസ് സിമന്റ് കുഴലാണ് സമാന്തരമായി സ്ഥാപിച്ചത്. ഈ കുഴൽ വഴി ജലവിതരണം നടത്തുന്ന പട്ടണത്തിലും തൊളിക്കോട് പ്രദേശങ്ങളിലും പൂർണതോതിൽ വെള്ളമെത്തി. ആറുദിവസം മുൻപാണ് കെഎസ്ആർടിസി ജംഗ്നിൽ ചോർച്ച കണ്ടത്. തുടർന്ന് ഇവിടെ പലയിടത്തായി റോഡ് പൊളിയുകയും റൗണ്ട് എബൗട്ടിനോടു ചേർന്ന് റോഡിന്റെ നടുവിൽ വൻ കുഴി രൂപപ്പെടുകയും ചെയ്തു.

അന്നുമുതൽ പട്ടണത്തിലും തൊളിക്കോട് പ്രദേശങ്ങളിലും ജലവിതരണം മുടങ്ങി. ചോർച്ചയുടെ ഉറവിടം കണ്ടെത്താൻ ജല അഥോറ്റി അധികൃതർ സ്ഥലത്ത് നാലുദിവസമായി കുഴിച്ചു പരിശോധിക്കുകയാണ്. ഇത് നാട്ടുകാരുടെ എതിർപ്പിനു കാരണമായതോടെയാണ് പുതിയ കുഴൽ സ്ഥാപിക്കാൻ അധികൃതർ തീരുമാനിച്ചത്.

അരനൂറ്റാണ്ടു മുൻപ് റോഡിനടിയിൽ സ്ഥാപിച്ച വിതരണക്കുഴലുകൾ ഏതൊക്കെ ദിശയിലൂടെയാണു കടന്നുപോകുന്നതെന്ന് ഉദ്യോഗസ്ഥർക്ക് കൃത്യമായ ധാരണ ലഭിക്കാത്തതുമൂലമാണ് ചോർച്ചയുടെ ഉറവിടം കണ്ടെത്താൻ കഴിയാത്തത്. തൊട്ടുചേർന്ന് കച്ചേരി റോഡിൽ 300 മില്ലിമീറ്റർ വ്യാസമുള്ള കാസ്റ്റ് അയൺ മുഖ്യകുഴലിൽ രണ്ടിടത്തായി ഉണ്ടായ ചോർച്ച കഴിഞ്ഞദിവസം പരിഹരിച്ചിരുന്നു. ഇതിനായി റോഡ് നാലിടത്ത് കുഴിക്കേണ്ടിയും വന്നിരുന്നു. സമീപം കുഴിച്ചപ്പോൾ നാട്ടുകാർ പ്രതിഷേധവുമായി രംഗത്തെത്തി. സി.അജയപ്രസാദ് എം.എൽ.എ. വ്യാഴാഴ്ച സ്ഥലം പരിശോധിച്ചു. പഴയ എസി കുഴലുകൾ മാറ്റി പുതിയ കുഴലുകൾ സ്ഥാപിക്കുന്നത് പരിഗണിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

# മലേഷ്യൻ ജയിലിൽ കഴിയുന്ന യുവാവിനായി കുടുംബം സഹായം തേടുന്നു

കൊല്ലം: എട്ടു വർഷമായി മലേഷ്യൻ ജയിലിൽ കഴിയുന്ന കൊല്ലം തൃക്കോവിൽവട്ടം സ്വദേശിയായ യുവാവിൻറെ മോചനത്തിനായി കുടുംബം സഹായം തേടുന്നു. തൃക്കോവിൽവട്ടം പഞ്ചായത്തിലെ പേരയം നോർത്ത് പതിനെട്ടാം വാർഡിൽ വാടകയ്ക്ക് താമസിക്കുന്ന ബീമയുടെ മകൻ സിയാദാണ് (34) ഏജൻറുമാരുടെ ചതിയിൽപ്പെട്ട് ജയിലിൽ കഴിയുന്നത്.

വർക്കല സ്വദേശിയായ സജീവ് എന്ന ഏജൻറും അന്യസംസ്ഥാനക്കാരുമടങ്ങുന്ന മൂന്നംഗ സംഘം ജോലി നൽകാമെന്നു പറഞ്ഞ് മലേഷ്യയിലേക്കു കൊണ്ടുപോയതായി കാഴ്ച പരിമിതിയുള്ള അമ്മ പത്രസമ്മേളനത്തിൽ അറിയിച്ചു.

കെമിക്കൽ കമ്പനിയിലെ ജോലിയെന്ന് വിശ്വസിപ്പിച്ച് 2018 ഏപ്രിൽ ആറിനാണ് മലേഷ്യയിലേക്ക് കൊണ്ടുപോയത്. അവിടെ എത്തിയപ്പോഴാണ് മയക്കുമരുന്ന് കടത്താണ് ജോലിയെന്ന് സിയാദ് തിരിച്ചറിഞ്ഞത്. ഇതിനെതിരേ കമ്പനി അധികൃതരുമായി തർക്കിക്കുകയും നാട്ടിലേക്ക് മടങ്ങാൻ ശ്രമിക്കുകയും ചെയ്തു. ഇതാടെ, ഏജൻറുമാരും കമ്പനി അധികൃതരും ചേർന്ന് സിയാദിനെ ചതിയിൽപ്പെടുത്തി പൊലിസിന് കൈമാറി. തുടക്കത്തിൽ മൂന്നുമാസത്തെ ശമ്പളം നൽകിയിരുന്നു. വിഷയമാക്കേണ്ടെന്നും കുറച്ചുനാൾ കഴിഞ്ഞ് തങ്ങൾതന്നെ വക്കീലിനെ വച്ച് സിയാദിനെ പുറത്തിറക്കാമെന്നും ഏജൻറ് സജീവ് ബന്ധുക്കളെ വിശ്വസിപ്പിച്ചു. എന്നാലിപ്പോൾ സജീവും മറ്റൊരു കേസിൽ ജയിലിലായി.ഇതോടെ തങ്ങളുടെ പ്രതീക്ഷ നഷ്ടപ്പെട്ടതായി ബീമ പറഞ്ഞു. തൊഴിലുറപ്പ് ജോലിക്ക് പോകുന്ന തനിക്ക് 50 ശതമാനം മാത്രമാണ് കാഴ്ചയെന്നും ആകെയുള്ള ആശ്രയമായിരുന്നു അവിവാഹിതനായ മകനെന്നും ബീമ പറഞ്ഞു. എട്ടു വർഷമായി വാടകവീട്ടിൽ കഴിയുന്ന ഇവർ മകന്റെ മോചനത്തിനായി സർക്കാരിന്റെയും ജനപ്രതിനിധികളുടെയും സഹായം അമ്മ അഭ്യർഥിക്കുന്നു.

# ഇടമൺ സബ്സ്റ്റേഷനെ വൈദ്യുതി പ്രസരണ ഹബ്ബാക്കാൻ കെഎസ്ഇബി

തെന്മല :ഇടമൺ സബ്സ്റ്റേഷൻറെ ശേഷി വർധിപ്പിക്കാൻ കെഎസ്ഇബി. 220 കിലോവാട്ടിൽനിന്ന് 400 കിലോവാട്ടിലേക്കുയർത്താനാണ് കെഎസ്ഇബി തീരുമാനിച്ചിരിക്കുന്നത്. 400 കോടിയുടെ പദ്ധതിയാണ് കെഎസ്ഇബി നടപ്പാക്കുന്നത്. ഘട്ടംഘട്ടമായി അഞ്ചുവർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

തമിഴ്നാട്ടിലെ കൂടംകുളത്തുനിന്ന് ഇടമൺവഴി കൊണ്ടുപോകുന്ന വൈദ്യുതിയുടെ അളവ് ഉയർത്തുകയാണ് പ്രധാന ലക്ഷ്യം. 220 കിലോവാട്ട് ലൈനുകൾ വഴി 600 മെഗാവാട്ട് വൈദ്യുതിയാണ് സബ്സ്റ്റേഷനുകളിലേക്ക് എത്തിക്കുന്നത്.ഇടമൺ-കൊച്ചി പവർ ഹൈവേയുടെ രണ്ട് 400 കിലോവാട്ട് ലൈനുകൾ സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. ശേഷി കുറവായതാണ് കാരണം.

നിലവിൽ വിഭാവനം ചെയ്യുന്ന പദ്ധതി പൂർത്തിയാവുന്നതോടെ ഇതു സാധിക്കും. കല്ലട അണക്കെട്ടിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയും ഇടമണ്ണിൽ നിന്നാണ് പ്രസരണഗ്രിഡുമായി ബന്ധിപ്പിക്കുന്നത്. 1990 വരെ തിരുവനനതപുരം സർക്കിളിലേക്കുള്ള വൈദ്യുതി വിതരണവും ഇടമൺ സബ്സ്റ്റേഷൻ വഴിയായിരുന്നു.പ്രധാനമായും പദ്ധതി പൂർത്തിയാവുന്നതോടെ 'ഗ്യാസ് ഇൻസുലേറ്റ്' സാങ്കേതികവിദ്യയിലാകുമെന്നാണ് പുറത്തുവരുന്ന വിവരം.കുറഞ്ഞ സ്ഥലത്ത് ആധുനിക സംവിധാനത്തോടെ നിർമിക്കുന്നതാണ് 'ഗ്യാസ് ഇൻസുലേറ്റഡ്' രീതി. ഇതിനു നിലവിലുള്ള 110 കിലോവാട്ട്, 220 കിലോവാട്ട് സംവിധാനങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ നടക്കും. സമീപത്തുകൂടി പോകുന്ന ഇടമൺ-കൊച്ചി ലൈനുകൾ സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ജോലികളും ഇതോടൊപ്പം പൂർത്തിയാക്കണം.പദ്ധതി പൂർത്തീകരിക്കുന്നതോടെ തെക്കൻ കേരളത്തിൽ കെഎസ്ഐബിയുടെ ആദ്യ 400 കിലോവാട്ട് സബ്സ്റ്റേഷനാകും ഇടമൺ.കൂടാതെ 1500 മെഗാവാട്ട് സ്ഥാപിതശേഷിയിലേക്ക് ഉയരുകയും ചെയ്യും. പ്രസരണസംവിധാനം കുറ്റമറ്റതാക്കാനും സാധിക്കും.

തിരുവനന്തപുരത്ത് 400 കിലോവാട്ട്സബ്സ്റ്റേഷനുണ്ടെങ്കിലും പവർഗ്രിഡിൻെറ ഭാഗമാണ്. നിലവിലുള്ള പുനലൂർ, കൊട്ടാരക്കര 110 കിലോവാട്ട് സബ്സ്റ്റേഷനുകളുടെ സ്ഥാപിതശേഷിയും വർധിപ്പിക്കാനാകും. 48 വർഷം മുന്പാണ് ഇടമൺ സ്റ്റേഷൻ സ്ഥാപിക്കുന്നത്. അന്ന് മൂഴിയാറി (ശബരിഗിരി പവർ ഹൗസ്)ൽനിന്ന് 220 കിലോവാട്ട് ലൈനും തമിഴ്നാട്ടിൽനിന്നുള്ള 220 കിലോവാട്ട് ലൈനും കടന്നുപോകത്തക്ക രീതിയിലുള്ള സംവിധാനമാണ് ഒരുക്കിയിരുന്നത്. ഈ വൈദ്യുതി കൈമാറ്റത്തിൻെറ ഇടത്താവളമായാണ് ഇടമൺ സബ്സ്റ്റേഷൻ സ്ഥാപിച്ചത്.

# ജൂതപള്ളിക്ക് മുന്നിൽ തീയിട്ട സംഭവം: പ്രതിക്ക് തീവ്രവാദ ബന്ധമെന്ന് സംശയം, ദുരുഹ ചാറ്റുകളും ദൃശ്യങ്ങളും കണ്ടെത്തി

കൊച്ചി: എറണാകുളം മാർക്കറ്റിലെ കടവുംഭാഗം സിനഗോഗിന് നേരെയുണ്ടായ ആക്രമണത്തിലെ പ്രതിക്ക് തീവ്രവാദ ഗ്രൂപ്പുമായി ബന്ധമെന്ന് സംശയം. കൊച്ചി പൊലിസിനൊപ്പം കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും അന്വേഷണം ശക്തമാക്കി. എൻഐഎ, ഇൻറലിജൻസ് ബ്യൂറോ ഉദ്യോഗസ്ഥർ പ്രതി പുത്തൻകുരിശ് ഐക്കരനാട് സ്വദേശി എബിൻ പോളിനെ (32) നേരിട്ടെത്തി കസ്റ്റഡിയിൽ ചോദ്യം ചെയ്തു.

തിങ്കളാഴ്ച പുലർച്ചെ 2.30 ഓടെയായിരുന്നു എറണാകുളം സെൻട്രൽ പൊലിസ് സ്റ്റേഷൻ പരിധിയിലെ കടവുഭാഗം സിനഗോഗിന് മുൻവശത്തുള്ള ബ്ലോസം നഴ്സറിയിൽ തീപിടിത്തം ഉണ്ടായത്. നീല നിറത്തിലുള്ള ഇഗ്നിസ് കാറിലെത്തിയ പ്രതി, വാഹനത്തിൽ നിന്ന് ഇറങ്ങി കൈവശമുണ്ടായിരുന്ന പെട്രോൾ ഒഴിച്ച് തീയിടുകയും സംഭവത്തിൻറെ ദൃശ്യങ്ങൾ സ്വന്തം മൊബൈൽ ഫോണിൽ പകർത്തിയ ശേഷം സ്ഥലത്തു നിന്ന് രക്ഷപ്പെടുകയുമായിരുന്നു.

എറണാകുളം മാർക്കറ്റിലെയും സമീപപ്രദേശങ്ങളിലെയും സിസിടിവി ദൃശ്യങ്ങളും ഏകദേശം 150 ഓളം പേരിൽ നിന്നും ലഭിച്ച വിവരങ്ങളുടെയും സൈബർ വിഭാഗത്തിൻറെ സഹായത്തോടെ കണ്ടെത്തിയ സാങ്കേതിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ പ്രതി ഉപയോഗിച്ച വാഹനം കണ്ടെത്തുകയായിരുന്നു. ദൃശ്യങ്ങളിൽ വാഹനത്തിൻറെ രജിസ്ട്രേഷൻ നമ്പർ വ്യക്തമായിരുന്നില്ലെങ്കിലും നീല നിറത്തിലുള്ള ഇഗ്നിസ് കാറിൻറെ രജിസ്ട്രേഷൻ വിവരങ്ങൾ പൊലിസ് കണ്ടെത്തി.

പിന്നാലെയാണ് പുത്തൻകുരിശിലെ വാടകവീട്ടിൽ ഒളിച്ചിരുന്ന എബിൻ പോളിനെ പൊലിസ് പിടികൂടിയത്. പ്രതിയുടെ മൊബൈൽ ഫോണിൽ നിന്നും സംഭവത്തിൻറെ ദൃശ്യങ്ങൾക്കു പുറമെ, വിദേശബന്ധങ്ങളുണ്ടെന്ന് സംശയിക്കുന്ന വ്യക്തികളുടെയും വിവിധ ഓൺലൈൻ ഗ്രൂപ്പുകളുടെയും വിവരങ്ങളും കണ്ടെത്തി.

'ബോസ്' എന്ന് പ്രതി വിശേഷിപ്പിക്കുന്ന ഒരാളുടെ നിർദേശപ്രകാരമാണ് കുറ്റകൃത്യങ്ങൾ നടത്തിയത്. നിർദേശിക്കപ്പെട്ട ലക്ഷ്യങ്ങളിൽ ആക്രമണം നടത്തുക, അതിൻറെ ദൃശ്യങ്ങൾ പകർത്തി അയച്ചു കൊടുക്കുക, ഇതിന് പ്രതിഫലം കൈപ്പറ്റുക എന്ന രീതിയിലാണ് പ്രതി പ്രവർത്തിച്ചിരുന്നത്.

ക്രിപ്റ്റോ കറൻസി മുഖേന പ്രതിഫലം നൽകിയതായ സൂചനകളും പരിശോധിച്ചു വരികയാണ്. ചോദ്യം ചെയ്യലിൽ മൂവാറ്റുപുഴയിൽ യൂസ്ഡ് കാർ ഷോറൂമിന് തീയിട്ട സംഭവത്തിൽ പങ്കുണ്ടെന്ന് പ്രതി സമ്മതിച്ചിട്ടുണ്ട്.

യഹൂദ ആരാധനാലയങ്ങൾ ഉൾപ്പെടെയുള്ള രാജ്യത്തെ വിവിധ നഗരങ്ങളിൽ ആക്രമണങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട സന്ദേശങ്ങളും പൊലിസ് പ്രതിയുടെ ഫോണിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ഇതിൻറെ പശ്ചാത്തലത്തിലാണ് തീവ്രവാദ ബന്ധത്തെ കുറിച്ച് അന്വേഷണം നടക്കുന്നത്.

പ്രതിയുടെ സാമ്പത്തിക ഇടപാടുകൾ അടക്കം പരിശോധിച്ചു വരികയാണ്. മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ വിശദമായ ഫോറൻസിക് പരിശോധനയും മറ്റ് കുറ്റകൃത്യങ്ങളുമായുള്ള ബന്ധവും പരിശോധിച്ചു വരികയാണ്.

പ്രതിയുടെ വീട്ടിൽ നടത്തിയ പരിശോധനയിൽ മയക്കുമരുന്നുകളും പിടികൂടി. 3.613 ഗ്രാം വെള്ള ഹെറോയിൻ, 2.736 ഗ്രാം ബ്രൗൺ ഹെറോയിൻ, 2.361 ഗ്രാം ഓക്സികോഡോൺ, 5.264 ഗ്രാം ഫെന്റനൈൻ, 20.171 ഗ്രാം ആൽപ്രാസോലം, 50.83 ഗ്രാം കെറ്റമിൻ എന്നിവയാണ് പിടികൂടിയത്.



ചലച്ചിത്രനടൻ പ്രേം നസീറിന്റെ ജന്മശതാബ്ദി ആഘോഷങ്ങളെ കുറിച്ച് തീരുമാനിക്കാൻ സാംസ്കാരിക, സിനിമാ വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥിന്റെ നേതൃത്വത്തിൽ ചേർന്ന സിനിമാ സംഘടനകളുടെ യോഗം

# പ്രേം നസീർ ജന്മശതാബ്ദി ആഘോഷിക്കും

## ഡിസംബർ 11 മുതൽ ഏപ്രിൽ ഏഴ് വരെ വിപുലമായ ആഘോഷങ്ങൾ

ചലച്ചിത്രനടൻ പ്രേം നസീറിന്റെ ജന്മശതാബ്ദി വിപുലമായി ആഘോഷിക്കാൻ സാംസ്കാരിക, സിനിമാ വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥിന്റെ നേതൃത്വത്തിൽ ചേർന്ന സിനിമാ സംഘടനകളുടെ യോഗത്തിൽ തീരുമാനം. ഡിസംബർ 11ന് ആരംഭിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ പ്രേം നസീറിന് ആദരമർപ്പിച്ചുകൊണ്ടാണ് ആഘോഷങ്ങളുടെ തുടക്കം. 2027 ഏപ്രിൽ ഏഴിന് അദ്ദേഹത്തിന്റെ നൂറാം ജന്മദിനത്തിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വിപുലമായ പരിപാടികളോടെ ആഘോഷങ്ങൾക്ക് പരിസമാപ്തിയാകും.

പ്രേം നസീറിന് മലയാള സിനിമ നൽകുന്ന ഏറ്റവും വലിയ ആദരമാകും നാലുമാസം നീണ്ടുനിൽക്കുന്ന ജന്മശതാബ്ദി ആഘോഷമെന്ന് മന്ത്രി പി സി വിഷ്ണുനാഥ് പറഞ്ഞു. ചിറയിൻകീഴിൽ പ്രേം നസീറിന്റെ പേരിൽ നിർമിക്കുന്ന പഠനഗവേഷണ കേന്ദ്രത്തിന്റെ നിർമാണം അടിയന്തരമായി പൂർത്തിയാക്കും. തിരുവനന്തപുരത്ത് അദ്ദേഹത്തിന് സ്മാരകം നിർമിക്കുന്നതിനായി സ്ഥലം കണ്ടെത്തും. സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിൽ പ്രേം നസീറിന്റെ പേരിൽ അവാർഡ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും മന്ത്രി യോഗത്തിൽ പറഞ്ഞു.

31-ാമത് ഐഎഫ്എഫ്കെയിൽ പ്രേം നസീറിന് ആദരമർപ്പിച്ച് റിട്രോസ്പെക്ടീവ് വിഭാഗത്തിൽ പ്രത്യേക ചലച്ചിത്രപ്രദർശനം ഒരുക്കും. അദ്ദേഹത്തിന്റെ സിനിമാജീവിതത്തിലെ പ്രധാന നാഴികക്കല്ലുകളായ സിനിമകൾ പ്രദർശിപ്പിക്കും. കൂടാതെ, മൾട്ടിമീഡിയാ പ്രദർശനം, ഫോട്ടോ, പോസ്റ്റർ പ്രദർശനം, ഓഡിയോ വീഡിയോ ഇൻസ്റ്റലേഷനുകൾ, ഇന്ററാക്ടീവ് വീഡിയോ ഇൻസ്റ്റലേഷൻ വാൾ, ചലച്ചിത്രസംവാദം, അനുസ്മരണ പ്രഭാഷണ പരമ്പര മുതലായവ സംഘടിപ്പിക്കും.

സംസ്ഥാനമെമ്പാടും ജില്ലാ തലത്തിൽ ചിത്ര പ്രദർശനങ്ങൾ, സ്കൂൾ വിദ്യാർഥികൾക്ക് ക്വിസ് മൽസരങ്ങൾ, കലാമത്സരങ്ങൾ എന്നിവ ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കാൻ യോഗത്തിൽ തീരുമാനമായി.സംസ്ഥാനത്തെമ്പാടും ടൂറിങ് ടാക്കീസിലൂടെ സ്കൂളുകളിൽ നസീർ സിനിമകളുടെ പ്രദർശനം സംഘടിപ്പിക്കും. നസീർ സിനിമകൾ 4 സ ഗുണനിലവാരത്തിലേക്ക് മാറ്റിയെടുക്കാൻ ശ്രമം തുടങ്ങും. പ്രേം നസീറിന്റെ നൂറാം ജന്മദിനമായ 2027 ഏപ്രിൽ ഏഴിന് സംസ്ഥാനത്തെ എല്ലാ തീയേറ്ററുകളിലും സൗജന്യമായി അദ്ദേഹത്തിന്റെ സിനിമകൾ പ്രദർശിപ്പിക്കുമെന്ന് തീയേറ്റർ ഉടമകൾ യോഗത്തെ അറിയിച്ചു.

യോഗത്തിൽ സാംസ്കാരിക വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എം അഞ്ജന, ഡയറക്ടർ കെ ഇ മ്പശേഖർ, ചലച്ചിത്ര അക്കാദമി ചെയർമാൻ രവീന്ദ്രൻ, കെഎസ്എഫ്ഡിസി ചെയർമാൻ പ്രേംകുമാർ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ എം രഞ്ജിത്ത്, കെഎസ്എഫ്ഡിസി വൈസ് ചെയർമാൻ ആലപ്പി അഷ്റഫ് തുടങ്ങിയവരും പ്രേം നസീർ ഫൗണ്ടേഷൻ, അമ്മ, മാക്ട, ഫെഫ്ക, ഫിലിം ചേംബർ, നിർമാതാക്കൾ, വിതരണക്കാർ, എക്സിബിറ്റേഴ്സ്, ട്രിവാൻഡ്രം ഫിലിം ഫ്രറ്റേണിറ്റി, ഡബ്ല്യൂസിസി, കെ ആർ നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധികളും പങ്കെടുത്തു.

# സമ്പൂർണ മദ്യനിരോധനം നയമായി പ്രഖ്യാപിക്കണം: മദ്യവിരുദ്ധ സമിതി

കൊല്ലം: മഹാത്മാഗാന്ധി വിഭാവനം ചെയ്തതും ഭരണഘടന അനുശാസിക്കുന്നതുമായ സമ്പൂർണ മദ്യനിരോധനം സർക്കാർ മദ്യനയത്തിൻറെ ആത്യന്തിക ലക്ഷ്യമായി പ്രഖ്യാപിക്കണമെന്ന് കെസിബിസി മദ്യവിരുദ്ധ സമിതി രൂപതാ വാർഷിക പ്രവർത്തക യോഗം ആവശ്യപ്പെട്ടു.

മദ്യ,മയക്കുമരുന്നു വിപത്തുകൾക്കെതിരെയുള്ള ജനകീയ പ്രതിഷേധങ്ങളുടെ പ്രതിഫലനംകൂടിയാണ് ഈ സർക്കാരിൻറെ തെരഞ്ഞെടുപ്പ് വിജയം. അബ്കാരികളുടെയും അവരുടെ സംരക്ഷകരായ ചില രാഷ്ട്രീയ നേതൃത്വങ്ങളുടെയും സമ്മർദതന്ത്രങ്ങൾക്ക് വഴങ്ങാതെ മദ്യനയം ജനപക്ഷമായി മാറ്റണമെന്ന് യോഗം അഭ്യർഥിച്ചു.

മദ്യവിതരണം വ്യാപകമാക്കുന്നതിനും അബ്ക്കാരികളുടെ കച്ചവട താത്പര്യം സംരക്ഷിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടത്തിയ എല്ലാ നിയമഭേദഗതികളും ഉത്തരവുകളും നിരുപാധികം റദ്ദ് ചെയ്യാൻ സർക്കാർ തയാറാകണം.

മനുഷ്യജീവനും സാമൂഹിക സുരക്ഷിതത്വത്തിനും ഗുരുതര ഭീഷണിയായി മാറിയ മദ്യവിപത്തിനെകൂടി ഉൾപ്പെടുത്തി ഓപ്പറേഷൻ തൂഫാൻ സമഗ്രവും ശക്തവുമാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

തൂഫാൻ ഐക്യദാർഢ്യ പരിപാടികളുടെ രണ്ടാം ഘട്ടമായി ലഹരിവിരുദ്ധ ജനജാഗ്രതാ സദസുകൾ സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു. കെസിബിസി മദ്യവിരുദ്ധ കമ്മിഷൻ ഡയറക്ടർ ഫാ.ബിനു തോമസ് തുപ്പാശേരി യോഗം ഉദ്ഘാടനം ചെയ്തു.

സമിതി രൂപതാ പ്രസിഡൻറ് യോഹന്നാൻ ആൻറണി അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി എ.ജെ. ഡിക്രൂസ്, സുരേഷ് റിച്ചാർഡ്, പ്ലാസിഡ് ജോസഫ്, തോമസ് മാനുവൽ, നാൻസി ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

സമിതി ഭാരവാഹികളായി ഫാ. ബിനു തോമസ് തുപ്പാശേരി -ഡയറക്ടർ, യോഹന്നാൻ ആൻറണി - പ്രസിഡൻറ്, എം.എഫ്. ബർഗ്ലീൻ, എസ്. സ്റ്റീഫൻ, മേഴ്സി യേശുദാസ്, ജോസഫ് അരവിള, സന്തോഷ് സേവ്യർ - വൈസ് പ്രസിഡൻറുമാർ, എ.ജെ. ഡിക്രൂസ് - ജനറൽ സെക്രട്ടറി, ഇ. എമേഴ്സൺ, ബിനു മൂതാക്കര - പ്രോഗ്രാം സെക്രട്ടറി, ബി. സെബാസ്റ്റ്യൻ, എം. മാനുവൽ, സീനാ ജോസഫ്, അലക്സ് സന്തോഷ്, ജെസ്റ്റിൻ ജോസഫ് - സെക്രട്ടറിമാർ, സുരേഷ് റിച്ചാർഡ് -റിസോഴ്സ് ടീം കോ - ഓർഡിനേറ്റർ എന്നിവരെ തെരഞ്ഞെടുത്തു.

# ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ മൂന്നാംതവണയും ഡോ. സിനോഷ് സ്കറിയാച്ചൻ

രാജപുരം: ലോകത്തിലെ മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ തുടർച്ചയായി മൂന്നാം തവണയും ഇടം നേടി രാജപുരം സെൻറ് പയസ് ടെൻത് കോളജിലെ മൈക്രോബയോളജി വിഭാഗം അസി. പ്രഫസർ ഡോ. സിനോഷ് സ്കറിയാച്ചൻ. അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവകലാശാലയും എൽസിവിയർ പ്രസാധക സ്ഥാപനവും സംയുക്തമായി പ്രസിദ്ധീകരിച്ച ഈ വർഷത്തെ പട്ടികയിലാണ് ബയോമെഡിക്കൽ റിസർച്ച് വിഭാഗത്തിലെ മൈക്രോബയോളജി ഉപമേഖലയിൽ ഡോ. സിനോഷ് ശ്രദ്ധേയമായ നേട്ടം കൈവരിച്ചത്. കഴിഞ്ഞ രണ്ടു വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റാങ്കിംഗിൽ 1,186 സ്ഥാനങ്ങളുടെ പുരോഗതി കൈവരിച്ചാണ് അദ്ദേഹം ഇത്തവണ പട്ടികയിൽ മുന്നിലെത്തിയത്. തുടർച്ചയായി മൂന്നു തവണ ലോകത്തിലെ മികച്ച രണ്ടുശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയ കേരളത്തിലെ ശ്രദ്ധേയരായ യുവ ഗവേഷകരിൽ ഒരാളാണ് ഡോ. സിനോഷ്.

150ലേറെ ഗവേഷണ പ്രബന്ധങ്ങൾ അന്താരാഷ്ട്ര നിലവാരമുള്ള ശാസ്ത്ര ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹത്തിന് 3,000 ത്തിലധികം സൈറ്റേഷനുകളും ലഭിച്ചിട്ടുണ്ട്. ബയോഇൻഫോർമാറ്റിക്സ്, കംപ്യൂട്ടേഷണൽ ബയോളജി, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നിവ പ്രയോജനപ്പെടുത്തി ആരോഗ്യരംഗം നേരിടുന്ന പ്രധാന വെല്ലുവിളിയായ ആൻറിമൈക്രോബിയൽ റെസിസ്റ്റൻസ് (എഎംആർ ) നിയന്ത്രിക്കുന്നതിനുള്ള നൂതന ഗവേഷണങ്ങളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മരുന്നുകളെ പ്രതിരോധിക്കുന്ന രോഗാണുക്കൾക്കെതിരെ ദക്ഷിണേന്ത്യയിൽ ലഭ്യമായ ഔഷധസസ്യങ്ങളിൽ നിന്നും സമുദ്രത്തിലെ പ്രത്യേകതരം കടൽസ്പോഞ്ചുകളുമായി സഹജീവിതം പുലർത്തുന്ന സൂക്ഷ്മജീവികളിൽ നിന്നും പുതിയ ബയോആക്റ്റീവ് സംയുക്തങ്ങൾ കണ്ടെത്തുന്നതിനും അവയുടെ ഔഷധസാധ്യതകൾ കംപ്യൂട്ടേഷണൽ രീതികളിലൂടെ വിലയിരുത്തുന്നതിനുമുള്ള പഠനങ്ങൾ അദ്ദേഹത്തിൻറെ ഗവേഷണരംഗത്ത് ശ്രദ്ധേയമാണ്. പ്രത്യേകതരം സൂക്ഷ്മജീവികളിൽനിന്നുള്ള എൻസൈമുകൾ ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ജൈവനിർമാർജനം, സമുദ്ര പരിസ്ഥിതിയിൽ കാണപ്പെടുന്ന ആക്റ്റിനോബാക്ടീരിയകളുടെ പ്രയോജന സാധ്യതകൾ, പ്രോബയോട്ടിക്കുകൾ, രോഗാണുക്കളുടെ ഔഷധ പ്രതിരോധ ശേഷി എന്നിവയും അദ്ദേഹത്തിൻറെ ഗവേഷണ മേഖലകളിൽ ഉൾപ്പെടുന്നു.

കോയമ്പത്തൂരിലെ ഭാരതിയാർ സർവകലാശാലയിൽ നിന്നു മൈക്രോബയോളജിയിലും ബയോഇൻഫോർമാറ്റിക്സിലും രണ്ട് ബിരുദാനന്തര ബിരുദങ്ങൾ നേടിയ ഡോ. സിനോഷ്, കർണാടകയിലെ വിശ്വേശ്വരയ്യ സാങ്കേതിക സർവകലാശാലയിൽ നിന്നു ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് നേടി. ദേശീയ, അന്തർദേശീയ തലങ്ങളിലായി 300-ലേറെ സെമിനാറുകളിലും കോൺഫറൻസുകളിലും പങ്കെടുത്ത അദ്ദേഹം നിരവധി വേദികളിൽ ക്ഷണിത പ്രഭാഷകനായും ഗവേഷണ പ്രബന്ധ അവതാരകനായും പ്രവർത്തിച്ചിട്ടുണ്ട്.

മികച്ച മൈക്രോബയോളജി അധ്യാപകനുള്ള ദേശീയതല അംഗീകാരം, യുവശാസ്ത്രജ്ഞ പുരസ്കാരം, 25-ലേറെ മികച്ച ഗവേഷണ പ്രബന്ധ പുരസ്കാരങ്ങൾ തുടങ്ങി നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

പരേതനായ വട്ടക്കുടിയിൽ വി.വി. സ്കറിയച്ചൻറെയും ജാൻസിയുടേയും മകനാണ്. ഫാമിലി കൗൺസിലറും കൺസൾട്ടൻറ് സൈക്കോളജിസ്റ്റുമായ ഡോ. പി. ധന്യ എലിസബത്താണ് ഭാര്യ. ഏഴാംക്ലാസ് വിദ്യാർഥിയായ ഉജ്വലും രണ്ടാം ക്ലാസ് വിദ്യാർത്ഥിയായ പ്രജ്വലുമാണ് മക്കൾ. ചെറുപനത്തടി സ്വദേശിയായ ഡോ. സിനോഷ് നിലവിൽ കാഞ്ഞങ്ങാടാണ് താമസിക്കുന്നത്.മികച്ച മൈക്രോബയോളജി അധ്യാപകനുള്ള ദേശീയതല അംഗീകാരം, യുവശാസ്ത്രജ്ഞ പുരസ്കാരം, 25-ലേറെ മികച്ച ഗവേഷണ പ്രബന്ധ പുരസ്കാരങ്ങൾ തുടങ്ങി നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

പരേതനായ വട്ടക്കുടിയിൽ വി.വി. സ്കറിയച്ചൻറെയും ജാൻസിയുടേയും മകനാണ്. ഫാമിലി കൗൺസിലറും കൺസൾട്ടൻറ് സൈക്കോളജിസ്റ്റുമായ ഡോ. പി. ധന്യ എലിസബത്താണ് ഭാര്യ. ഏഴാംക്ലാസ് വിദ്യാർഥിയായ ഉജ്വലും രണ്ടാം ക്ലാസ് വിദ്യാർത്ഥിയായ പ്രജ്വലുമാണ് മക്കൾ. ചെറുപനത്തടി സ്വദേശിയായ ഡോ. സിനോഷ് നിലവിൽ കാഞ്ഞങ്ങാടാണ് താമസിക്കുന്നത്.

# ഹഡിൽ ഗ്ലോബൽ 2026': പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് മുഖ്യമന്ത്രി

## ഏഷ്യയിലെ ഏറ്റവും വലിയ ബീച്ച് – സൈഡ് സ്റ്റാർട്ടപ്പ് സംഗമത്തിന് നവംബർ 12 ന് കോവളത്ത് തുടക്കം

തിരുവനന്തപുരം: ഏഷ്യയിലെ ഏറ്റവും വലിയ ബീച്ച്-സൈഡ് സ്റ്റാർട്ടപ്പ് സംഗമമായ ഹഡിൽ ഗ്ലോബൽ 2026 ന് തുടക്കം കുറിച്ച് വാർഷിക റിപ്പോർട്ടിൻറെ കവർ പേജ് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രകാശനം ചെയ്തു.

കേരള സ്റ്റാർട്ടപ്പ് മിഷൻറെ (കെഎസ് യുഎം) നേതൃത്വത്തിൽ നവംബർ 12 മുതൽ 14 വരെ കോവളത്ത് നടക്കുന്ന പരിപാടിയിൽ അത്യാധുനിക സ്റ്റാർട്ടപ്പുകളും വൻകിട നിക്ഷേപകരും അണിനിരക്കും. കേരളത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ വലിയ ചലനം സൃഷ്ടിക്കുന്ന ഹഡിൽ ഗ്ലോബലിൻറെ എട്ടാം പതിപ്പിനാണ് ഇത്തവണ കോവളം സാക്ഷ്യം വഹിക്കുന്നത്.

സ്റ്റാർട്ടപ്പ് മേഖലയിലെ തുടക്കക്കാർ, സംരംഭകർ, നിക്ഷേപകർ, വ്യവസായ പ്രമുഖർ എന്നിവർക്ക് ഒത്തുചേരാനും ആശയങ്ങളെ യാഥാർത്ഥ്യങ്ങളാക്കി മാറ്റാനുമുള്ള അത്യപൂർവ വേദികളിൽ ഒന്നാണിത്. പുതു സംരംഭകരെ തേടിയെത്തുന്ന നിക്ഷേപകരുമായുള്ള ചർച്ചകൾക്കൊപ്പം പുതുമയാർന്ന ആശയങ്ങളും ഉത്പന്നങ്ങളും ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള അവസരവും ലഭിക്കും. അത്യാധുനിക സാങ്കേതികവിദ്യാ ഉത്പന്നങ്ങളും ആശയങ്ങളും കൈമുതലായ സ്റ്റാർട്ടപ്പുകളുടെ സംഗമവേദിയായ ഹഡിൽ ഗ്ലോബലിൽ പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാം.കേരളത്തിൻറെ കരുത്തുറ്റ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും ആഗോള ബിസിനസ് പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഹഡിൽ ഗ്ലോബലിലൂടെ സാധ്യമാകും. കേരളത്തെ സ്റ്റാർട്ടപ്പ് മേഖലയിൽ അവസരങ്ങൾ സൃഷ്ടിക്കുക, നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉല്പന്നങ്ങളും സേവനങ്ങളും വൻതോതിൽ ലഭ്യമാക്കുന്ന ആഗോളകേന്ദ്രമാക്കി കേരളത്തെ മാറ്റുക തുടങ്ങിയവ ഹഡിൽ ഗ്ലോബലിൻറെ പ്രധാന ലക്ഷ്യങ്ങളാണ്.



**ഹഡിൽ ഗ്ലോബൽ 2026– വാർഷിക റിപ്പോർട്ടിൻറെ കവർ പേജ് മുഖ്യമന്ത്രി വി ഡി. സതീശൻ പ്രകാശനം ചെയ്യുന്നു. മുഖ്യമന്ത്രിയുടെ സെക്രട്ടറി ഡോ.രത്തൻ യു കേൽക്കർ, കെഎസ് യുഎം സിഇഒ അനൂപ് അംബിക, കേരള സ്റ്റാർട്ടപ്പ് മിഷൻ ബിസിനസ് ലിങ്കേജസ് ആൻഡ് ഇൻകുബേഷൻ മേധാവി അശോക് കുര്യൻ പഞ്ഞിക്കാരൻ, സ്റ്റാർട്ടപ്പ് മിഡിൽ ഈസ്റ്റിൻറെ സ്ഥാപകൻ സിബി സുധാകരൻ എന്നിവർ സമീപം.**

കേരളത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ നേർച്ചിത്രമായ ഹഡിലിൽ ലോകമെമ്പാടുമുള്ള 150 ലധികം നിക്ഷേപകർ, ഇന്ത്യയിലും വിദേശത്തുമുള്ള 4000 ത്തിലധികം സ്റ്റാർട്ടപ്പുകൾ, 300 ലധികം മെൻറർമാർ, 200 ലധികം എച്ച്എൻഐ കൾ, 200 ലധികം കോർപറേറ്റുകൾ, 300 ലധികം പ്രഭാഷകർ, നയരൂപകർത്താക്കൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു.ഹഡിൽ സ്പീഡ് ഡേറ്റിംഗ്, പ്രോഡക്ട് ലോഞ്ചിംഗ്, മെൻറർ മാച്ച് മേക്കിംഗ്, ഹഡിൽ ക്രോസ് സെൽ, പ്രോഡക്ട് എക്സ്പോ, ജിസിസി റൗണ്ട് ടേബിൾ, മെൻറർ കണക്ട്, 500 ലധികം ഇൻവെസ്റ്റർ- സ്റ്റാർട്ടപ്പ് കണക്ട് തുടങ്ങിയവ ഇത്തവണത്തെ ഹഡിലിനെ ആകർഷകമാക്കും.

നിർമ്മിത ബുദ്ധി (എഐ), ഫിൻടെക്, ബ്ലോക്ക് ചെയിൻ, ഹെൽത്ത്ടെക്, ലൈഫ് സയൻസസ്, ഓഗ്മെൻറഡ്/വെർച്വൽ റിയാലിറ്റി, സ്പേസ്ടെക്, ഇ-ഗവേണൻസ്, ഇൻറർനെറ്റ് ഓഫ് തിംഗ്സ് എന്നിവയുൾപ്പെടെയുള്ള ഭാവി മേഖലകളെ ഹഡിൽ ഗ്ലോബൽ ഉയർത്തിക്കാട്ടും. ഈ മേഖലകളിലെ സ്റ്റാർട്ടപ്പുകൾ മികച്ച ആശയങ്ങൾ അവതരിപ്പിക്കും. ഇതുമായി ബന്ധപ്പെട്ട് നിക്ഷേപകരുമായുള്ള തത്സമയ ചർച്ചകൾ, പൈലറ്റ് ഫണ്ടിംഗ്, ആഗോള വിപണി സാധ്യതകൾ എന്നിവയെ കുറിച്ച് അറിയാനുള്ള അവസരവും ലഭ്യമാകും.

കേരളത്തെ ഒരു വിജ്ഞാനാധിഷ്ഠിത വ്യവസായ കേന്ദ്രമാക്കി മാറ്റാൻ സഹായിക്കുന്ന നൂതന സാങ്കേതിക വിദ്യകളുടെ പ്രദർശനവും ഇതിനോടനുബന്ധിച്ചുണ്ടാകും.ആഗോളതലത്തിലുള്ള നിർണായക വെല്ലുവിളികളെ നേരിടാൻ രൂപകൽപ്പന ചെയ്ത ഹ്യൂമനോയിഡ് റോബോട്ടുകൾ, സ്വയം പ്രവർത്തിക്കുന്ന ഡ്രോണുകൾ, സുസ്ഥിര ഊർജ്ജ പരിഹാരങ്ങൾ, ബയോമെഡിക്കൽ ഉപകരണങ്ങൾ, സ്മാർട്ട് സിറ്റി സാങ്കേതികവിദ്യകൾ എന്നിവ ഇതിൻറെ ഭാഗമായി പ്രദർശിപ്പിക്കും.രജിസ്റ്റർ ചെയ്യാൻ സന്ദർശിക്കുക: https://www.huddleglobal.co.in/

# സൗജന്യമായി ആധാർ പുതുക്കാം

അഞ്ച്, പതിനഞ്ച് വയസ്സുകളിലെ നിർബന്ധിത ബയോമെട്രിക് സൗജന്യമായി പുതുക്കുന്നതിന് 2027 സെപ്റ്റംബർ വരെ അവസരം. ആധാർ ആപ്പിലൂടെ സൗജന്യമായി ഡിസംബർ 31 വരെ ജനങ്ങൾക്ക് ഇമെയിൽ ഐഡി ചേർക്കാനും അപ്ഡേറ്റ് ചെയ്യാനും സാധിക്കും. നിലവിൽ ആധാറിൽ സജീവമായ മൊബൈൽ നമ്പർ ചേർത്തിട്ടുള്ളവർക്കു മാത്രമാണ് ഈ സൗകര്യം. അതോടൊപ്പം ആധാർ ആപ്പിലൂടെ പുതിയ മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യാനും അനുബന്ധ രേഖകൾ സമർപ്പിച്ചു മേൽവിലാസം തിരുത്താനും 75 രൂപ നിരക്കിൽ സാധിക്കും.

ആധാറിൽ സജീവമായ മൊബൈൽ നമ്പർ ചേർത്തിട്ടുള്ളവർക്കു ആധാർ അനുബന്ധ രേഖകൾ യുഐഡിഎഐ പോർട്ടലിലൂടെ സൗജന്യമായി 2027 ജൂൺ 14 വരെ പുതുക്കാം. വദ്രേ://ാ്യമമറവമമ്യ.ൗശറമശ.ഴീ.ശി/ൽ ഉീരൗാലിേ ഡുറമലേ ഓപ്ഷൻ വഴിയാണ് രേഖകൾ പുതുക്കേണ്ടത്. നേരിട്ട് ആധാർ കേന്ദ്രങ്ങളിൽ 75 രൂപ ചാർജ് നൽകി ഡോക്യുമെൻ്റ് അപ്ഡേറ്റ് ചെയ്യാം. പുതിയ ആധാർ എടുക്കൽ, ബയോമെട്രിക് പുതുക്കൽ, മൊബൈൽ/ഇ-മെയിൽ മാറ്റൽ തുടങ്ങിയ എല്ലാ സേവനങ്ങളും സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും മറ്റ് അംഗീകൃത ആധാർ കേന്ദ്രങ്ങളിലും ലഭ്യമാണ്. പരാതി പരിഹാരത്തിനായി സിറ്റിസൺ കോൾ സെൻ്റർ: 1800-4251-1800 (ടോൾ ഫ്രീ) / 04712335523, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ (ആധാർ സെക്ഷൻ): 0471-2525442, ഇ-മെയിൽ വിലാസം: uidhelpdesk@kerala.gov.in.

# പ്രതിഷേധ പ്രകടനം നടത്തി

കുണ്ടറ : രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി അടക്കമുള്ള ദേശീയ നേതാക്കളെയും അറസ്റ്റ് ചെയ്ത നടപടിയിൽ പ്രതിഷേധിച്ച്കോൺഗ്രസ് ഇളമ്പള്ളൂർ ഈസ്റ്റ്, വെസ്റ്റ് മണ്ഡലം കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ പെരുമ്പുഴ ഷാപ്പ് മുക്കിൽ നിന്ന് പെരുമ്പുഴ ജംഗ്ഷനിലേക്ക് പ്രതിഷേധ പ്രകടനം നടത്തി.മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, സാം വർഗീസ് യോഗം ഉദ്ഘാടനം ചെയ്തു. ഇളമ്പള്ളൂർ ഈസ്റ്റ് മണ്ഡലം പ്രസിഡൻറ് പെരുമ്പുഴ ഗോപൻ അധ്യക്ഷത വഹിച്ചു. ഇളമ്പള്ളൂർ വെസ്റ്റ് മണ്ഡലം പ്രസിഡൻറ് വിനോദ് ജി.പിള്ള. വിളവീട്ടിൽ മുരളി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ രാജേശ്വരി അമ്മ, പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷീബ മോൾ, പഞ്ചായത്ത് മെമ്പർ ജീജാ ബാബു, വിനയകുമാർ, എൻ.ശ്രീനിവാസൻ സാബു, സാദിഖ്, മണ്ഡലം സെക്രട്ടറി കെ. പി. ജോയിക്കുട്ടി, കെ.ആർ. മിനി, ജമാൽ, ഉണ്ണികൃഷ്ണ പിള്ള, ഇക്ബാൽ, സാബു താഴാംപണ തുടങ്ങിയവർ പ്രസംഗിച്ചു.

# ഐഎസ്ആർഒയുടെ റോബോട്ടിക്സ് വികസന കരാർ സ്വന്തമാക്കി ജെൻ റോബോട്ടിക്സ്

തിരുവനന്തപുരം: ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻറെ (ഐഎസ്ആർഒ) റോബോട്ടിക്സ് വികസന കരാർ സ്വന്തമാക്കി കേരളം ആസ്ഥാനമായ പ്രമുഖ ഡീപ്-ടെക് റോബോട്ടിക്സ് കമ്പനി ജെൻ റോബോട്ടിക്സ്. ഐഎസ്ആർഒയുടെ പ്രധാന കേന്ദ്രമായ യു ആർ റാവു സാറ്റലൈറ്റ് സെൻററിൽ (യുആർഎസ് സി) നിന്ന് ഉപഗ്രഹ ദൗത്യങ്ങൾക്കായി ആർട്ടിക്കുലേറ്റഡ് ബൂം ആം സംവിധാനം വികസിപ്പിക്കുന്നതിനുള്ള റോബോട്ടിക്സ് വികസന പദ്ധതിക്കാണ് കമ്പനി അർഹമായത്.

ഉപഗ്രഹ ഡെക്കുകളിൽ റിഫ്ളക്ടർ വിന്യസിക്കുന്നതിനും ദിശാസൂചന നടത്തുന്നതിനുമുള്ള തദ്ദേശീയ സംവിധാനത്തിൻറെ രൂപകൽപ്പനയും വികസനവും ഉൾക്കൊള്ളുന്നതാണ് പദ്ധതി. അപകട സാധ്യതയുള്ള മാൻഹോൾ ശുചീകരണത്തിനായി റോബോട്ടുകൾ നിർമ്മിക്കുന്നതിൽ നിന്ന് ബഹിരാകാശ പ്രവർത്തനങ്ങളിലെ കൃത്യതയാർന്ന ലോകോത്തര എഞ്ചിനീയറിംഗ് സംവിധാനങ്ങളിലേക്കുള്ള ജെൻ റോബോട്ടിക്സിൻറെ യാത്രയിലെ സുപ്രധാനമായ മുന്നേറ്റമായി ഇത് അടയാളപ്പെടുത്തുന്നു.

വിക്ഷേപണ സമയത്തെ യാന്ത്രിക സമ്മർദ്ദങ്ങളെ നേരിടാനും ബഹിരാകാശത്തെ ചൂടുള്ളതും വായുവില്ലാത്തതുമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കാനും ഉതകുന്ന തരത്തിലുള്ള മൾട്ടി-ലിങ്ക് ആർട്ടിക്കുലേറ്റഡ് ബൂം ആം സംവിധാനം കമ്പനിയുടെ സ്പേസ് ആൻഡ് അഡ്വാൻസ്ഡ് റോബോട്ടിക്സ് വിഭാഗം വികസിപ്പിക്കും. ഉപഗ്രഹങ്ങളിൽ സ്പേസ് ബോൺ കമ്മ്യൂണിക്കേഷൻ റിഫ്ളക്ടറുകളുടെയും പേലോഡ് ഉപകരണങ്ങളുടെയും കൃത്യമായ സ്ഥാനവും ദിശയും നിർണയിക്കാൻ പ്രാപ്തമാക്കുന്നതാണ് ഈ സംവിധാനം.




**ആർട്ടിക്കുലേറ്റഡ് ബൂക്ക് ആം സംവിധാനത്തി ൻറെ പ്രതീകാത്മക ചിത്രം.**

ഈ കരാർ ജെൻ റോബോട്ടിക്സിൻറെ പ്രവർത്തനങ്ങൾ അത്യാധുനിക എയ്റോസ്പേസ് എൻജിനീയറിംഗ് മേഖലയിലേക്ക് വിപുലീകരിക്കുന്നതിലെ സുപ്രധാന നാഴികക്കല്ലാണ്. തദ്ദേശീയമായ രൂപകൽപ്പന-നിർമ്മാണ ശേഷികളിലൂടെ ഇന്ത്യയുടെ വാണിജ്യ ബഹിരാകാശ പദ്ധതിക്ക് സംഭാവന നൽകാനുള്ള കേരളത്തിൻറെ ഡീപ്-ടെക് ആവാസവ്യവസ്ഥയുടെ സാധ്യതകളെയും ഇത് എടുത്തുകാണിക്കുന്നു.

ലോകത്തിലെ ആദ്യത്തെ മാൻഹോൾ ശുചീകരണ റോബോട്ടായ 'ബാൻഡികൂട്ട്' വികസിപ്പിച്ച് ആഗോള ശ്രദ്ധ നേടിയ കമ്പനിയാണ് ജെൻ റോബോട്ടിക്സ്. മാനുവൽ സ്കാവഞ്ചിംഗ് ഇല്ലാതാക്കുന്നതിനും ശുചീകരണ തൊഴിലാളികളുടെ ആരോഗ്യവും അന്തസ്സും സംരക്ഷിക്കുന്നതിനുമായി 2017 ലാണ് കമ്പനി ഇത് രൂപകൽപ്പന ചെയ്തത്. ഇടുങ്ങിയതും വിഷാംശം നിറഞ്ഞതുമായ സുരക്ഷിതമല്ലാത്തതുമായ പരിതസ്ഥിതികളിൽ റോബോട്ടുകൾ വികസിപ്പിക്കുന്നത് കമ്പനിയെ നൂതന ആക്യുവേറ്റർ നിയന്ത്രണം, മെറ്റീരിയൽ എഞ്ചിനീയറിംഗ്, പ്രിസിഷൻ മോഷൻ സംവിധാനങ്ങൾ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അധിഷ്ഠിത റോബോട്ടിക്സ് എന്നിവയിൽ വൈദഗ്ദ്ധ്യം വളർത്തുന്നതിൽ സഹായിച്ചു.

പിന്നീട് ആരോഗ്യ സംരക്ഷണം, വൻകിട വ്യവസായം, പ്രതിരോധം എന്നീ മേഖലകളിൽ കമ്പനി കഴിവുകൾ വികസിപ്പിച്ചു. റോബോട്ടിക് പുനരധിവാസ പ്ലാറ്റ് ഫോമായ ജി-ഗെയ്റ്റർ, മനുഷ്യർക്ക് കടന്നുചെല്ലാൻ പ്രയാസമുള്ള അടിസ്ഥാന സൗകര്യ മേഖലകളിലെ നിർണായക ദൗത്യങ്ങൾക്കുള്ള റോബോട്ടായ ജെൻബോട്ട് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

പ്രവർത്തനത്തിലെ കൃത്യത, വഴക്കം, ചലന നിയന്ത്രണം എന്നിവ വർദ്ധിപ്പിക്കുന്നതിനായി ജെൻ റോബോട്ടിക്സിൻറെ റോബോട്ടിക് പ്ലാറ്റ് ഫോമുകളിൽ ഫിസിക്കൽ എഐ, റിഇൻഫോഴ്സ്മെൻറ് ലേണിംഗ് എന്നിവ സംയോജിപ്പിച്ചിട്ടുണ്ട്. യുഎഇ, ദക്ഷിണാഫ്രിക്ക, സിംഗപ്പൂർ, മലേഷ്യ എന്നിവയുൾപ്പെടെയുള്ള അന്താരാഷ്ട്ര വിപണികളിലേക്കുള്ള കമ്പനിയുടെ വ്യാപനത്തെ ഈ കഴിവുകൾ പിന്തുണച്ചിട്ടുണ്ട്. ദുബായ് സ്പേസ് ഏജൻസി പോലുള്ള ആഗോള ബഹിരാകാശ മേഖലയിലെ പങ്കാളികളുമായി ഇടപഴകുന്നതിനൊപ്പം ദക്ഷിണാഫ്രിക്കയുടെ പ്രതിരോധ സാങ്കേതിക കമ്പനിയായ ആംസ്കോർ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സംഘടനകളുമായും കമ്പനി തന്ത്രപരമായ ബന്ധങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ബഹിരാകാശ റോബോട്ടിക്സ് രംഗത്ത് സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരം തുമ്പയിലെ കിൻഫ്രയിൽ ജെൻ റോബോട്ടിക്സ് ഉൽപ്പാദന-ഗവേഷണ കേന്ദ്രം സ്ഥാപിച്ചു. ബഹിരാകാശ നിലവാരത്തിലുള്ള ഹാർഡ് വെയറുകളുടെ വികസനത്തിനും ഗുണനിലവാര പരിശോധനയ്ക്കും ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ, ക്ലീൻ റൂം അസംബ്ലി ഏരിയകൾ, എൻജിനീയറിംഗ് ലബോറട്ടറികൾ എന്നിവ ഈ കേന്ദ്രത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.അപകടകരമായ ഭൂഗർഭ മാൻഹോളുകളിൽ മനുഷ്യജീവൻ രക്ഷിക്കാനും തൊഴിലിലെ അന്തസ്സ് വീണ്ടെടുക്കാനും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ജെൻ റോബോട്ടിക്സ് യാത്ര ആരംഭിച്ചതെന്നും ബഹിരാകാശ സാങ്കേതികവിദ്യാരംഗത്തേക്കുള്ള ചുവടുവയ്പ് അതിലെ സ്വാഭാവികമായ പുരോഗതിയാണെന്നും ജെൻ റോബോട്ടിക്സ് സഹസ്ഥാപകനും സിഇഒയുമായ വിമൽ ഗോവിന്ദ് എം.കെ പറഞ്ഞു. ജെൻ റോബോട്ടിക്സിൽ ഐഎസ്ആർഒ അർപ്പിച്ച വിശ്വാസം വർഷങ്ങളായി കമ്പനി ആർജ്ജിച്ചെടുത്ത കഴിവുകളെ സാധൂകരിക്കുന്നതാണ്. നാശകരമായ സാഹചര്യങ്ങളും കഠിനമായ പാരിസ്ഥിതിക സമ്മർദ്ദവും അതിജീവിച്ച് പ്രവർത്തിക്കാൻ ശേഷിയുള്ള സംവിധാനങ്ങൾ വികസിപ്പിച്ചത് ശക്തമായ എൻജിനീയറിംഗ് അടിത്തറയൊരുക്കാൻ കമ്പനിയെ സഹായിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജെൻ റോബോട്ടിക്സ് ഏറ്റെടുത്തിട്ടുള്ള എല്ലാ മേഖലകളിലും വിശ്വാസ്യതയും കൃത്യതയും വിജയവും ഉറപ്പാക്കുന്ന തരത്തിലാണ് റോബോട്ടിക് പ്ലാറ്റ് ഫോമുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് ജെൻ റോബോട്ടിക്സ് സഹസ്ഥാപകനും സിടിഒയുമായ ജലീഷ് പി. പറഞ്ഞു. സാനിറ്റേഷൻ റോബോട്ടിക്സ് രംഗത്ത് നിന്ന് പഠിച്ച പാഠങ്ങൾ മെഡിക്കൽ പുനരധിവാസം, വൻകിട വ്യവസായങ്ങൾ, പ്രതിരോധം എന്നീ മേഖലകളിലെ കമ്പനിയുടെ പ്രവർത്തനരീതിയെ രൂപപ്പെടുത്തിയിട്ടുണ്ട്. ആ എൻജിനീയറിംഗ് മികവ് ഇപ്പോൾ ബഹിരാകാശ റോബോട്ടിക്സ് രംഗത്തേക്കും കൊണ്ടുവരികയാണെന്നും അദ്ദേഹം വ്യക്തമാക്കി.

# ലഹരിവിരുദ്ധ റാലിയും ബോധവത്കരണ ക്ലാസും

കൊല്ലം: പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി അയത്തിൽ വേലായുധ വിലാസം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ എൻഎസ്എസ് യൂണിറ്റിൻറെയും നേതൃത്വത്തിൽ ലഹരിവിരുദ്ധ റാലിയും ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു. സ്കൂൾ പ്രിൻസിപ്പൽ എസ്. പത്മകുമാർ നേതൃത്വം നൽകി.പിടിഎ പ്രസിഡൻറ് നുജുമുദീൻ അധ്യക്ഷത വഹിച്ചു. കൊല്ലം എക്സൈസ് റേഞ്ച് ഓഫിസിലെ അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ മെനഷ്യസ് ബോധവത്കരണ ക്ലാസ് ഉദ്ഘാടനം ചെയ്തു.പ്രധാന അധ്യാപിക എ.ആർ. സജിത, ആദർശ് ജോർജ്, ഷിബു റാവുത്തർ, പിടിഎ വൈസ് പ്രസിഡൻറ് അൻസർ , എസ്. മുഹമ്മദ് സുഹൈൽ, ട്രഷറർ നഹാസ് കൊരണ്ടിപ്പള്ളി, കരിയർ മാസ്റ്റർ ലാലി എന്നിവർ പ്രസംഗിച്ചു.

# രാജഗിരി ബ്രൂക്ക് ഇൻറർനാഷണൽ സ്കൂളിൽ സ്ഥാപകദിനവും തിരുനാളും ആഘോഷിച്ചു

ശാസ്താംകോട്ട: രാജഗിരി ബ്രൂക്ക് ഇൻറർനാഷണൽ സ്കൂളിൻറെ സ്ഥാപകദിനവും സ്ഥാപക ഡയറക്ടർ ഫാ.ഡോ. ജി. ഏബ്രഹാം തലോത്തിലിൻറെ നാമഹേതുക തിരുനാളും ആഘോഷിച്ചു. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ ആത്മീയതയുടെയും വിദ്യാഭ്യാസ ദർശനത്തിൻറെയും സേവനത്തിൻറെയും മഹത്തായ സന്ദേശങ്ങൾ പങ്കുവച്ചു.മാർത്താണ്ഡം ബിഷപ് ഡോ. വിൻസെൻറ് മാർ പൗലോസ്, സഹായ മെത്രാൻ ഡോ. യോഹന്നാൻ മാർ അലക്സിയോസ് എന്നിവർ പങ്കെടുത്തു. വിശ്വാസം, ദർശനം, സേവനം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് വിദ്യാഭ്യാസരംഗത്ത് ഫാ. ഡോ. ജി.ഏബ്രഹാം തലോത്തിൽ നൽകിയ സംഭാവനകളും ബ്രൂക്ക് ഇൻറർനാഷണൽ സ്കൂളിൻറെ വളർച്ചയ്ക്കും മികവിനും അദ്ദേഹം നൽകിയ നേതൃത്വവും ചടങ്ങിൽ അനുസ്മരിച്ചു.പിടിഎ പ്രസിഡൻറ്, പ്രിൻസിപ്പൽ, അഡ്മിനിസ്ട്രേറ്റർ, കോ-ഓർഡിനേറ്റർമാർ, അധ്യാപകർ, വൈദികർ,ഇടവകാംഗങ്ങൾ, ബന്ധുമിത്രാദികൾ, രക്ഷാകർത്താക്കൾ, വിദ്യാർഥികൾ എന്നിവരും ആഘോഷത്തിൽ പങ്കെടുത്തു.

# വർണോത്സവം 18 മുതൽ

കൊല്ലം: ജില്ലാ ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശിശുദിന കലോത്സവം'വർണോത്സവം 2026' 18 മുതൽ വിവിധ വേദികളിൽ നടക്കും.

ജില്ലയിലെ നഴ്സറി/അങ്കണവാടി മുതൽ എൽപി, യുപി, എച്ച്എസ്, എച്ച്എസ്എസ് വരെയുള്ള കുട്ടികൾക്കാണ് കലാസാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

എൽപി, യുപി, എച്ച്എസ്, എച്ച്എസ് സ് എന്നീ വിഭാഗങ്ങൾക്ക് ചിത്രരചന, മലയാളം പ്രസംഗം, ക്വിസ്, വിജ്ഞാനലേഖനം, വാർത്ത ത/ാറാക്കൽ, കടലാസ് ശില്പ നിർമാണം, സംഘനൃത്തം, മോഹിനിയാട്ടം, ഓലക്കളിപ്പാട്ട നിർമാണം, കീബോർഡ്, മോണോ ആക്ട്, സംഘഗാനം, ചലച്ചിത്രഗാനാലാപനം, നാടൻപാട്ട് (സിംഗിൾ), മലയാളം വായന, നാടോടി നൃത്തം, കവിത ചൊല്ലൽ (മലയാളം, ഇംഗ്ലീഷ്), വയലിൻ, മൃദംഗം, കേരളനടനം, ഭരതനാട്യം, സമകാലിക നൃത്തം, ശാസ്ത്രീയ സംഗീതം, മിമിക്രി, ലളിതഗാനം തുടങ്ങിയ ഇനങ്ങളിലാണ് മത്സരം.

ജില്ലാതല ശിശുദിന റാലിയും സമ്മേളനവും നയിക്കുന്നതിനുള്ള കുട്ടി നേതാക്കളെ 18ന് കടപ്പാക്കട ടികെഡിഎം സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന എൽപി, യുപി മലയാളം പ്രസംഗ മത്സരത്തിൽ നിന്ന് തെരഞ്ഞെടുക്കും.

മലയാളം പ്രസംഗ മത്സരത്തിലെ ആദ്യ മൂന്ന് സ്ഥാനക്കാരായിരിക്കും സംസ്ഥാന തലത്തിൽ മത്സരിക്കുക.

കഴിഞ്ഞ വർഷങ്ങളിൽ കുട്ടികളുടെ നേതാക്കളായി തിരഞ്ഞെടുക്കപ്പെട്ടവർ എൽപി,യുപി പ്രസംഗ മത്സരത്തിൽ പങ്കെടുക്കാൻ അർഹരല്ല. പ്രസംഗ മത്സരത്തിലെ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റും മെമൻറോയും മെഡലും ലഭിക്കും.

പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും പങ്കാളിത്ത സർട്ടിഫിക്കറ്റ് നൽകും. നഴ്സറി - അങ്കണവാടി കലോത്സവം 24ന് കടപ്പാക്കട സ്പോർട്സ് ക്ലബിൽ നടക്കും.

രജിസ്ട്രേഷൻ രാവിലെ 8.30 മുതൽ ആരംഭിക്കും. കഥപറയൽ (മലയാളം, ഇംഗ്ലീഷ്), അഭിനയഗാനം (സോളോ, ഗ്രൂപ്പ്), മോണോ ആക്ട്, സംഘനൃത്തം, അക്ഷരപ്പാട്ട് എന്നിവയാണ് ഇനങ്ങൾ. മത്സര നിബന്ധനകൾ, ലഘുലേഖ, മത്സരക്രമം എന്നിവ ശിശുക്ഷേമ സമിതിയിൽ നിന്ന് ലഭിക്കും. ഫോൺ: 9747402111, 9447719520, 9447571111, 9895345389.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പോലീസ് സേനയിലേക്ക് പുതിയ 164 വാഹനങ്ങൾ കൂടി : മന്ത്രി രമേശ് ചെന്നിത്തല ഫ്ലാഗ് ഓഫ് ചെയ്തു

## ഏഷ്യൻ ഗെയിംസിൽ തിളങ്ങിയ കേരള പോലീസ് താരങ്ങളെ ആദരിച്ചു

സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർധിപ്പിക്കുന്നതിന്റെ ഭാഗമായി വാങ്ങിയ പുതിയ 164 പോലീസ് വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങളും തീവ്രവാദവിരുദ്ധ നീക്കങ്ങളും കൂടുതൽ ശക്തമാക്കുന്നതിനാണ് പുതിയ വാഹനങ്ങൾ ലഭ്യമാക്കിയിരിക്കുന്നതെന്ന് തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ നടന്ന ചടങ്ങിൽ മന്ത്രി പറഞ്ഞു.ഡാൻസാഫ് ഉൾപ്പെടെയുള്ളവയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കാണ് 10.92 കോടി രൂപ ചെലവഴിച്ച് 84 വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്. കൂടാതെ, ജില്ലാ- റേഞ്ച്തല നാർക്കോട്ടിക് കൺട്രോൾ യൂണിറ്റുകൾക്കായി വാങ്ങിയ 5.04 കോടി രൂപയുടെ 24 വാഹനങ്ങളും ജില്ലാ ആന്റി ടെററിസ്റ്റ് സ്ക്വാഡ്, ഇന്റലിജൻസ് വിങ് എന്നിവയുടെ തീവ്രവാദവിരുദ്ധ പ്രവർത്തനങ്ങൾക്കും കൗണ്ടർ ഇന്റലിജൻസിനുമായി 7.69 കോടി രൂപ ചെലവഴിച്ച് വാങ്ങിയ 56 വാഹനങ്ങളും ഉൾപ്പെടെ 164 വാഹനങ്ങളാണ് പോലീസ് സേനയുടെ ഭാഗമാകുന്നതെന്ന് മന്ത്രി വ്യക്തമാക്കി.




ഏഷ്യൻ ഗെയിംസിൽ ശ്രദ്ധേയ നേട്ടം കൈവരിച്ച കേരള പോലീസ് താരങ്ങളെ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അനുമോദിക്കുന്നു



പോലീസ് സേനയ്ക്കായി വാങ്ങിയ 164 പുതിയ വാഹനങ്ങൾ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഫ്ലാഗ് ഓഫ് ചെയ്യുന്നു

ഏഷ്യൻ ഗെയിംസിൽ ശ്രദ്ധേയനേട്ടം കൈവരിച്ച കേരള പോലീസിലെ കായിക താരങ്ങളെ ചടങ്ങിൽ മന്ത്രി അനുമോദിച്ചു. അസിസ്റ്റന്റ് കമാൻഡന്റ് സജൻ പ്രകാശ്, ഹവിൽദാർമാരായ മനു ടി. എസ്., അൻസ ബാബു, എറിൻ വർഗീസ് എന്നിവരാണ് മന്ത്രിയിൽ നിന്നും അനുമോദനങ്ങൾ ഏറ്റുവാങ്ങിയത്.കേരളത്തിന്റെയും രാജ്യത്തിന്റെയും യശസ്സ് ഉയർത്താൻ ഈ താരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അനുമോദന സന്ദേശത്തിൽ മന്ത്രി പറഞ്ഞു. കായികരംഗത്തെ പ്രോത്സാഹനത്തിനായി കേരള പോലീസ് നൽകി വരുന്ന പിന്തുണയുടെയും സേനയുടെ കായിക പാരമ്പര്യത്തിന്റെയും വ്യക്തമായ തെളിവാണ് ഈ താരങ്ങളുടെ വിജയം. മുൻകാലങ്ങളിൽ ജിമ്മി ജോർജ്, ഗോപിനാഥ് ഐ.പി.എസ്., ജോസ് ജോർജ് ഐ.പി.എസ്., കെ. ഉദയകുമാർ, സിറിൾ സി. വള്ളൂർ തുടങ്ങി അന്തർദേശീയ തലത്തിൽ തിളങ്ങിയ നിരവധി പോലീസ് ഉദ്യോഗസ്ഥരുടെ നിരയിലേക്കാണ് പുതിയ താരങ്ങളും എത്തിച്ചേർന്നിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ അധ്യക്ഷനായ പരിപാടിയിൽ ആംഡ് പോലീസ് ബറ്റാലിയൻ എഡിജിപി ബൽറാം കുമാർ ഉപാധ്യായ, പോലീസ് ആസ്ഥാനം ഐ.ജി. ഹർഷിത അത്തലൂരി, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പെരുമഴ വരുന്നു, വ്യാഴാഴ്ച മുതൽ ശക്തമാകും; 12 ജില്ലകളിൽ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് വ്യാഴാഴ്ച മുതൽ മഴ ശക്തമാകുമെന്ന് കാലാവസ്ഥാ പ്രവചനം. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും ശനി, ഞായർ ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. വ്യാഴം, വെള്ളി ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## വൈദ്യുതി പ്രതിസന്ധി: ഒക്ടോബറിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്ന് മന്ത്രി സണ്ണി ജോസഫ്

തിരുവനന്തപുരം: സംസ്ഥാനത്ത് നിലനിൽക്കുന്ന വൈദ്യുതി പ്രതിസന്ധിയുമായി ബന്ധപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷം അടിയന്തര പ്രമേയം അവതരിപ്പിച്ചു.എന്നാൽ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി ഫലപ്രദമായി പ്രതിരോധിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നും, ഒക്ടോബർ മാസം യാതൊരുവിധ നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടില്ലെന്നും വൈദ്യുതി വകുപ്പ് മന്ത്രി സണ്ണി ജോസഫ് സഭയെ അറിയിച്ചു.പ്രതിസന്ധികൾ ഘട്ടംഘട്ടമായി പരിഹരിച്ചുവരികയാണെന്നും സർക്കാരിൻറെ മുൻകരുതലുകൾ ഫലം കണ്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

## മൂന്നാംദിനവും വീഴ്ച തന്നെ; പവൻവില 1.09 ലക്ഷത്തിൽ താഴെ

കൊച്ചി: സംസ്ഥാനത്ത് തുടർച്ചയായ മൂന്നാംദിനവും സ്വർണവില താഴേക്ക്. 22 കാരറ്റ് സ്വർണം ഗ്രാമിന് 95 രൂപയും പവന് 760 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു ഗ്രാം സ്വർണം 13,590 രൂപയിലും പവന് 1,08,720 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണം ഗ്രാമിന് 75 രൂപ താഴ്ന്ന് 11,165 രൂപയിലെത്തി.

സംസ്ഥാനത്ത് തിങ്കളാഴ്ച രാജ്യാന്തര ട്രെൻഡിന് നേർവിപരീതമായി സ്വർണവില രണ്ടുതവണയായി താഴേക്കിറങ്ങിയിരുന്നു. രാവിലെ ഗ്രാമിന് 40 രൂപയും ഉച്ചകഴിഞ്ഞ് 120 രൂപയും ഇടിഞ്ഞു. പവന് രാവിലെയും ഉച്ചയ്ക്കുമായി 1,280 രൂപ താഴ്ന്ന് 1,09,760 രൂപയിലെത്തി. പിന്നാലെ ചൊവ്വാഴ്ച വീണ്ടും താഴേക്കുപോയ സ്വർണം ഗ്രാമിന് 35 രൂപയും പവന് 280 രൂപയും കുറയുകയാണുണ്ടായത്.

## രാഹുൽ ഗാന്ധി തള്ളിമാറ്റിയെന്ന പ്രചാരണത്തിനിടെ ചിത്രം പുറത്തുവിട്ട് ഡികെ

ബംഗളൂരു: ഇന്ത്യ സഖ്യത്തിൻറെ സുപ്രീം കോടതി മാർച്ചിനിടെ കർണാടക മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ഡി.കെ. ശിവകുമാറിനെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തള്ളിമാറ്റിയെന്ന ആരോപണവുമായി ചിലർ രംഗത്തുവന്നതിനു പിന്നാലെ രാഹുൽ ഗാന്ധിയുമൊന്നിച്ചുള്ള ചിത്രങ്ങൾ പോസ്റ്റ് ചെയ്ത് ഡി.കെ. ശിവകുമാർ.പ്രധാനമായും ബിജെപി അനുകൂല പ്ലാറ്റ്ഫോമുകളിലാണ് ഈ പ്രചാരണം വ്യാപകമായി നടന്നത്. ഡി.കെ. ശിവകുമാറിനെ അവഗണിച്ചെന്നും പിന്നിലേക്കു രാഹുൽ തള്ളി മാറ്റിയെന്നുമായിരുന്നു ആക്ഷേപം. എന്നാൽ, രാഹുൽ മനപ്പൂർവം അങ്ങനെ ചെയ്തിട്ടില്ലെന്ന് ദൃശ്യങ്ങൾ പങ്കുവച്ചുകൊണ്ട് കോൺഗ്രസ് വൃത്തങ്ങൾ പ്രതികരിച്ചിരുന്നു. രാഹുൽ മൂന്നു മാസം ഗർഭിണിയായ തന്നെ തള്ളിമാറ്റിയെന്ന ആരോപണവുമായി ഒരു വനിതാ മാധ്യമപ്രവർത്തകയും രംഗത്തുവന്നിരുന്നു. എന്നാൽ, ഇതും കോൺഗ്രസ് നിഷേധിച്ചു.

ഇത്രയും സംഘർഷഭരിതമായ അന്തരീക്ഷത്തിൽ ഗർഭിണിയായ മാധ്യമപ്രവർത്തക കടന്നുചെന്നതു തന്നെ ഉചിതമായില്ലെന്ന് ചില കോൺഗ്രസ് പ്രവർത്തകർ ചൂണ്ടിക്കാട്ടി. മാത്രമല്ല ഇവരെ രാഹുൽ ഗാന്ധി മനപ്പൂർവം തള്ളി നീക്കിയിട്ടില്ലെന്നും ആശുപത്രയിൽ അഡ്മിറ്റായ ഇവരെ ബിജെപി നേതാക്കൾ സന്ദർശിച്ചത് സംശയാസ്പദമാണെന്നും കോൺഗ്രസുകാർ കുറ്റപ്പെടുത്തി.

ആയിരക്കണക്കിന് ആളുകൾ തിക്കിത്തിരക്കി നീങ്ങുമ്പോൾ അവരെ നിയന്ത്രിക്കാനുള്ള സ്വാഭാവിക ശ്രമങ്ങൾ മാത്രമാണ് രാഹുൽ ഗാന്ധി നടത്തിയിട്ടുള്ളതെന്നും കോൺഗ്രസ് വൃത്തങ്ങൾ പറഞ്ഞു. ഇതിനു പിന്നാലെയാണ് രാഹുൽ ഗാന്ധിക്കൊപ്പം കൈ പിടിച്ചുനിൽക്കുന്ന ചിത്രങ്ങൾ ഡി.കെ.ശിവകുമാർ തൻറെ ഫേസ്ബുക്ക് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തത്.ഇന്നലെ രാഹുലിൻറെ വസതിയിൽ നടന്ന ചായ സൽക്കാരത്തിനിടയിലുള്ളതാണ് ചിത്രങ്ങൾ. പ്രിയങ്ക ഗാന്ധിയും ചിത്രത്തിലുണ്ട്. ഭരണഘടനയും ജനാധിപത്യവും സംരക്ഷിക്കാൻ ഒറ്റക്കെട്ടാണെന്ന കുറിപ്പും ഇതിനൊപ്പമുണ്ട്. ഇതുകൂടാതെ രാഹുൽ ഗാന്ധി തള്ളിമാറ്റിയെന്ന രീതിയിൽ പ്രചരിപ്പിക്കുന്നതിൻറെ യഥാർഥ വിഡിയോയും ഷെയർ ചെയ്തിട്ടുണ്ട്. പിന്നിലൂടെ വന്ന രാഹുലിനു കയറി വരാൻ ഡി.കെ. അല്പം ഒതുങ്ങിക്കൊടുക്കുന്നതായിട്ടാണ് ദൃശ്യങ്ങളിലുള്ളത്. രാഹുൽ അദ്ദേഹത്തെ തള്ളുന്ന രംഗങ്ങൾ ഇതിലില്ല.

## കരമന കൂടം തറവാട്ടിലെ കൊലപാതകം: രവീന്ദ്രൻറെ കൂട്ടുപ്രതികളെയും അറസ്റ്റ് ചെയ്യും

തിരുവനന്തപുരം: കരമന കൂടം തറവാട്ടിലെ ജയമാധവൻ നായരുടെ കൊലപാതകത്തിലെ ചുരുളഴിച്ചത് പോലീസ് നടത്തിയ ശാസ്ത്രീയ അന്വേഷണം. അറസ്റ്റിലായ കാര്യസ്ഥൻ രവീന്ദ്രൻ നായരുടെ സഹായി സജുവിനെ കസ്റ്റഡിയിലെടുക്കാൻ ജില്ലാ ക്രൈം ബ്രാഞ്ച് നടപടി ആരംഭിച്ചു. സജു വിദേശത്താണ്. ഇയാളെ നാട്ടിലെത്തിക്കാനുള്ള നടപടികൾ അന്വേഷണസംഘം ആരംഭിച്ചു.

തലക്കടിച്ചു ശ്വാസം മുട്ടിച്ചാണ് ജയമാധവൻ നായരെ രവീന്ദ്രനും സംഘവും കൊലപ്പെടുത്തിയതെന്ന് പൊലിസ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. പോസ്റ്റ് മോർട്ടം റിപ്പോർട്ടും ഫോറൻസിക് റിപ്പോർട്ടുകളും ഇത് സ്ഥിരീകരിച്ചു. ബ്രെയിൻ മാപ്പിംഗ് പരിശോധനയിലാണ് രവീന്ദ്രൻ നായർ കുറ്റം സമ്മതിച്ചതെന്നു പൊലിസ് പറഞ്ഞു.മുൻ കോടതി ജീവനക്കാരനായ രവീന്ദ്രൻ നായർ വ്യാജ വിൽപത്രം ഉണ്ടാക്കി ജയമാധവൻ നായരുടെ ഒപ്പ് വ്യാജമായി ഇട്ടു സ്വത്തുക്കൾ തട്ടിയെടുക്കുകയായിരുന്നു. ബുദ്ധിമാനായ കുറ്റവാളിയാണ് രവീന്ദ്രനെന്ന് പൊലിസ് പറഞ്ഞു. രവീന്ദ്രൻ, സജു, അനിൽകുമാർ എന്നി മൂന്നു പേരാണ് ഈ കേസിലെ പ്രതികൾ.ജയമാധവൻറെ കട്ടിലിൽ നിന്നും കണ്ടെടുത്ത രക്ത സാമ്പിളും രവീന്ദ്രൻറെ മൊഴിയിലെ വൈരുധ്യങ്ങളുമാണ് രവീന്ദ്രനിലേക്ക് സംശയം നീളാൻ ഇടയാക്കിയത്. ഒൻപത് വർഷത്തിന് ശേഷമാണ് ജയമാധവൻറെ മരണം കൊലപാതകമാണെന്നും കൊലയാളി രവീന്ദ്രനും സംഘവും ആണെന്ന് ജില്ലാ ക്രൈംബ്രാഞ്ച് കണ്ടെത്തിയത്. ഏറെ വർഷങ്ങളായി അന്വേഷണം നടന്നു വരികയായിരുന്നു.

## കാറളത്തെ വയോധികയുടെ കൊലപാതകം: രഹസ്യങ്ങളുടെ ചുരുളഴിക്കാൻ എസ്ഐടി

ഇരിങ്ങാലക്കുട: കാറളത്ത് വയോധികയെ വീടിനുള്ളിൽ കൊലപ്പെടുത്തി ആഭരണങ്ങൾ കവർന്ന സംഭവത്തിൽ പൊലിസ് അന്വേഷണം ഊർജിതമാക്കി. തൃശൂർ റൂറൽ എസ്പിയുടെ നേതൃത്വത്തിൽ 15 അംഗ സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ടീം കേസ് അന്വേഷിക്കും.കാറളം മൃഗാശുപത്രിക്ക് സമീപം പാറാമ്പുള്ളി റോഡിൽ അരുമ്പിള്ളി വിജയൻറെ ഭാര്യ സാവിത്രി (79) ആണ് കൊല്ലപ്പെട്ടത്. ചൊവ്വാഴ്ച വൈകുന്നേരം നാലോടെയാണ് സംഭവം. വീട്ടിൽ ആരുമില്ലാതിരുന്ന സമയത്താണ് കൊലപാതകം നടന്നത്.

സ്കൂൾ വിട്ട് വീട്ടിലെത്തിയ പേരക്കുട്ടി ഋതികയാണ് മുത്തശിയെ മരിച്ചനിലയിൽ ആദ്യം കണ്ടത്. സംഭവസമയത്ത് സാവിത്രിയുടെ മകൻ സുമേഷ് പിതാവ് വിജയനെയും കൂട്ടി ചികിത്സയ്ക്കായി ഇരിങ്ങാലക്കുടയിലെ ആശുപത്രിയിൽ പോയിരിക്കുകയായിരുന്നു. സാവിത്രിയുടെ കഴുത്തിലും കൈകളിലും ബലപ്രയോഗത്തിൻറെ പാടുകളുണ്ട്. കഴുത്തിൽ സാരി ചുറ്റിയ നിലയിലായിരുന്നു മൃതദേഹം. വീടിനകത്ത് സാധനങ്ങൾ വാരിവലിച്ചിട്ട നിലയിലുമായിരുന്നു.

സാവിത്രി ധരിച്ചിരുന്ന മാല, വളകൾ, മോതിരം എന്നിവയടക്കം ഏകദേശം 15 പവനോളം സ്വർണം നഷ്ടപ്പെട്ടിട്ടുണ്ട്. സ്ഥലത്തെത്തിയ പൊലിസ് നായ മൃതദേഹത്തിന് സമീപത്തുനിന്ന് മണംപിടിച്ച് അടുക്കളവഴി വീടിൻറെ പിൻവശത്തേക്ക് ഓടി. തുടർന്ന് വീടിന് പിന്നിലൂടെ റോഡിലേക്കാണ് നായ പോയത്.കൊലപാതകത്തിന് ശേഷം പ്രതി ഈ വഴിയിലൂടെ രക്ഷപ്പെട്ടിരിക്കാമെന്ന നിഗമനത്തിലാണ് പൊലിസ് അന്വേഷണം. കൊലപാതകത്തിന് പിന്നിൽ വീടും പരിസരവും കൃത്യമായി അറിയാവുന്നവരാണെന്ന നിഗമനത്തിലാണ് അന്വേഷണ സംഘം. വീട്ടുകാർ പുറത്തുപോയി ഏറെ നേരം കഴിഞ്ഞേ മടങ്ങിയെത്തൂവെന്ന് അറിയാവുന്നവരാണ് കൃത്യം ആസൂത്രണം ചെയ്തതെന്നാണ് പൊലിസിൻറെ പ്രാഥമിക നിഗമനം.

വീടിനുള്ളിൽ മുളകുപൊടി വിതറിയിരുന്നതും കൊലപാതകം ആസൂത്രിതമായിരുന്നെന്ന സംശയം ബലപ്പെടുത്തുന്നുണ്ട്. സാവിത്രിയുടെ മൃതദേഹം കിടപ്പുമുറിയിലാണ് കണ്ടെത്തിയത്. കൊലപാതകത്തിന് ശേഷം വീടിൻറെ പിൻഭാഗത്തുകൂടി രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ, വീടിൻറെ ഘടനയും പരിസരവും നന്നായി അറിയാവുന്നവരായിരിക്കണമെന്ന വിലയിരുത്തലും പൊലിസിനുണ്ട്.

വീടിന് സമീപം സിസിടിവി കാമറകളില്ലാത്തതും അന്വേഷണത്തിന് വെല്ലുവിളിയാണ്. കൊലപാതകത്തിന് പിന്നിൽ ഒന്നിലധികം പേർ ഉണ്ടായിരിക്കാമെന്ന സംശയവും പൊലിസ് പരിശോധിക്കുന്നുണ്ട്. കേസന്വേഷണത്തിൻറെ നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പ്രതികളെ ഉടൻ പിടികൂടുവാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് പൊലിസ്.

## പിണറായി വിജയനും മുഹമ്മദ് റിയാസിനുമെതിരെ വിജിലൻസ് അന്വേഷണം: ഡിഐജി തോംസൺ ജോസിന് അന്വേഷണ ചുമതല

തിരുവനന്തപുരം: മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻ, മുൻമന്ത്രി മുഹമ്മദ് റിയാസ് എന്നിവർക്കെതിരായ വിജിലൻസ് അന്വേഷണത്തിനായി രണ്ട് പ്രത്യേക അന്വേഷണ സംഘങ്ങളെ രൂപീകരിച്ചു. ഡിഐജി തോംസൺ ജോസിൻറെ മേൽനോട്ടത്തിലാണ് രണ്ട് കേസുകളുടെയും അന്വേഷണം നടക്കുന്നത്. ഇഡി നൽകിയ റിപ്പോർട്ടിൻറെയും ഹൈക്കോടതി നിർദേശത്തിൻറെയും അടിസ്ഥാനത്തിലാണ് വിജിലൻസ് രണ്ട് വെവ്വേറെ എഫ്ഐആറുകൾ രജിസ്റ്റർ ചെയ്തത്.പിണറായി വിജയൻ ഒന്നാം പ്രതിയായ മാസപ്പടി കേസ് എസ്പി ഇ.എൻ സുരേഷും, മുഹമ്മദ് റിയാസ് ഒന്നാം പ്രതിയായ കള്ളപ്പണ-ഹവാല ഇടപാട് കേസ് കോഴിക്കോട് സ്പെഷ്യൽ സെൽ എസ്പി ബാലകൃഷ്ണനുമാണ് അന്വേഷിക്കുന്നത്. അഴിമതി നിരോധന നിയമപ്രകാരം എടുത്ത ഈ രണ്ട് കേസുകളിലും മുഖ്യമന്ത്രിയുടെ മകളും മുഹമ്മദ് റിയാസിൻറെ ഭാര്യയുമായ വീണ വിജയൻ രണ്ടാം പ്രതിയാണ്. അന്വേഷണം രാഷ്ട്രീയ പ്രേരിതമാണെന്നും നിയമപരമായി നേരിടുമെന്നുമാണ് സിപിഎം നേതൃത്വത്തിൻറെ നിലപാട്.

## ജൂതപള്ളിക്ക് നേരെയുണ്ടായ ആക്രമണം: പ്രതി നിരവധി ടെലിഗ്രാം ഗ്രൂപ്പുകളിൽ അംഗം, ലഹരി മരുന്ന് കേസിൽ പ്രതി

കൊച്ചി: എറണാകുളം മാർക്കറ്റിലെ കടവുംഭാഗം സിനഗോഗിന് നേരെയുണ്ടായ ആക്രമണത്തിൽ കൂടുതൽ അന്വേഷണം നടക്കുകയാണെന്ന് കൊച്ചി ഡിസിപി അരുൺ കെ. പവിത്രൻ. പ്രതി എബിൻ പോളിൻറെ ഫോൺ പരിശോധിച്ചപ്പോൾ ദുരൂഹ സന്ദേശങ്ങൾ കണ്ടെത്തിയതായും ഫോറൻസിക് പരിശോധനങ്ങൾ നടക്കുന്നതായും ഡിസിപി മാധ്യമങ്ങളോട് പ്രതികരിച്ചു.

സിസിടിവി ഫൂട്ടേജുകൾ പരിശോധിച്ചപ്പോഴാണ് തീ കൊളുത്തി വീഡിയോ ചിത്രീകരിക്കുന്നത് കണ്ടെത്തിയത്. ഉച്ചയോടെ തന്നെ പ്രതിയെ കണ്ടെത്തുകയും പിടികൂടുകയും ചെയ്തു. ഫോൺ പരിശോധിച്ചപ്പോൾ, പ്രതി ഒരുപാട് ടെലിഗ്രാം ഗ്രൂപ്പുകളിൽ അംഗമാണ്. ചില ഗ്രൂപ്പുകളിൽ തീയിട്ട സംഭവുമായി ബന്ധപ്പെട്ട മെസേജുകൾ കണ്ടു.

അത് സംശയകരമായ കാര്യമാണ് അതിൽ അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണ്. സെൻട്രൽ ഏജൻസികളും അന്വേഷിച്ച് വരികയാണ്. ഇതുമായി ബന്ധപ്പെട്ട് മറ്റൊരാളുമായി ആശയവിനിമയം നടത്തിയത് കണ്ടെത്തിയിട്ടുണ്ട്. ഫോറൻസിക് പരിശോധനകളടക്കം നടത്തിയ ശേഷമേ കൂടുതൽ വിവരങ്ങൾ അറിയാൻ പറ്റുകയുള്ളു.

ബോസ് എന്ന വ്യക്തിയെ കുറിച്ച് പ്രതി ചോദ്യം ചെയ്യലിൽ സൂചിപ്പിച്ച കാര്യമാണ്. ഏത് സ്ഥലത്തുള്ള വ്യക്തിയാണെന്ന് മനസിലായിട്ടില്ല. നിലവിൽ കൂടുതൽ അന്വേഷണം നടക്കുകയാണെന്നും ഡിസിപി വ്യക്തമാക്കി. പ്രതിയുടെ വീട് പരിശോധിച്ചപ്പോൾ ലഹരി മരുന്നുകൾ കിട്ടിയതായും എൻഡിപിഎസ് കേസ് രജിസ്റ്റർ ചെയ്തതായും പൊലിസ് പറഞ്ഞു.അതേസമയം, തിങ്കളാഴ്ച പുലർച്ചെ 2.30 ഓടെയായിരുന്നു കടവുഭാഗം സിനഗോഗിന് മുൻവശത്തുള്ള ബ്ലോസം നഴ്സറിയിൽ തീപിടിത്തം ഉണ്ടായത്. നീല നിറത്തിലുള്ള ഇഗ്നിസ് കാറിലെത്തിയ പ്രതി, വാഹനത്തിൽ നിന്ന് ഇറങ്ങി കൈവശമുണ്ടായിരുന്ന പെട്രോൾ ഒഴിച്ച് തീയിടുകയും സംഭവത്തിന്റെ ദൃശ്യങ്ങൾ സ്വന്തം മൊബൈൽ ഫോണിൽ പകർത്തിയ ശേഷം സ്ഥലത്തു നിന്ന് രക്ഷപ്പെടുകയുമായിരുന്നു.

## സിജെപി നേതാക്കളെ ജയിലിലടച്ചത് കേന്ദ്രത്തിൻറെ ഭീരുത്വം; ജന്തർമന്തർ തിരിച്ചുപിടിക്കുമെന്ന് രാഹുൽ ഗാന്ധി

ന്യൂഡൽഹി: ജന്തർമന്തറിൽ അതിക്രമിച്ചു കയറി ദേശീയ പതാക ഉയർത്തിയെന്നാരോപിച്ച് സിജെപി നേതാക്കളായ സൗരവ് ദാസിനെയും അശുതോഷ് റാങ്കയെയും അഞ്ച് ദിവസത്തേക്ക് ജയിലിലടച്ച കേന്ദ്ര സർക്കാർ നടപടിയെ രൂക്ഷമായി വിമർശിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. സമാധാനപരമായി ദേശീയ പതാക വീശുന്നതും 'ഭാരത് മാതാ കീ ജയ്' വിളിക്കുന്നതും എങ്ങനെയാണ് കുറ്റകൃത്യമാകുന്നതെന്ന് അദ്ദേഹം ചോദിച്ചു.സർക്കാരിൻറെ ഇത്തരം ജനാധിപത്യവിരുദ്ധ നടപടികൾ കേന്ദ്രത്തിൻറെ ഭയത്തെയും ഭീരുത്വത്തെയുമാണ് കാണിക്കുന്നത്. ജനങ്ങളുടെ പ്രതിഷേധിക്കാനുള്ള അവകാശത്തെ ഇല്ലാതാക്കാൻ സമരവേദിയായ ജന്തർമന്തർ നിരോധിച്ച നടപടി അംഗീകരിക്കാനാവില്ലെന്നും, ജനാധിപത്യ പോരാട്ടങ്ങളിലൂടെ ജന്തർമന്തർ തിരിച്ചുപിടിക്കുമെന്നും രാഹുൽ ഗാന്ധി വ്യക്തമാക്കി.മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരെയുള്ള പ്രതിഷേധത്തിൽ ഇന്ത്യ സഖ്യവും സിജെപിയും മുന്നോട്ടുപോകുന്നതിനിടെയാണ് രാഹുൽ ഗാന്ധി നേതാക്കൾക്ക് പിന്തുണയുമായി രംഗത്തെത്തിയത്.

## ഗ്യാസ് സിലിണ്ടറിൽ നിന്ന് തീ പടർന്നു; പൊള്ളലേറ്റ വീട്ടമ്മ മരിച്ചു

അരൂർ: ഗ്യാസ് സിലിണ്ടർ ലീക്കായി തീ പടർന്ന് ഗുരുതരമായി പൊള്ളലേറ്റ് ചികിത്സയിൽ കഴിഞ്ഞ വീട്ടമ്മ മരിച്ചു. ഇന്ന് പുലർച്ചെയാണ് മരണം സംഭവിച്ചത്. അരൂർ ചന്തിരൂർ കണ്ടത്തി പറമ്പിൽ സിന്ധു (56) ആണ് മരിച്ചത്.സിന്ധുവിനെ രക്ഷിക്കാൻ ശ്രമിച്ച ഭർത്താവ് തിലകനും പൊള്ളലേറ്റ് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. കഴിഞ്ഞ ഞായറാഴ്ച സ്വവസതിയിൽ വച്ചാണ് സംഭവം. സംസ്ക്കാരം ഇന്ന് വൈകുന്നേരം ഏഴിന് വീട്ടുവളപ്പിൽ നടക്കും. മക്കൾ: മീനു, ചിന്നു

## കുറഞ്ഞ നിരക്കിലെ കരാർ റദ്ദാക്കി ഉയർന്ന തുകയ്ക്ക് വൈദ്യുതി വാങ്ങി; അന്വേഷണം വേണമെന്ന് വി.ഡി. സതീശൻ

തിരുവനന്തപുരം: മുൻ എൽഡിഎഫ് സർക്കാരിൻറെ കാലത്ത് കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി കരാർ റദ്ദാക്കി ഉയർന്ന തുകയ്ക്ക് വൈദ്യുതി വാങ്ങിയ നടപടിയിൽ സമഗ്ര അന്വേഷണം നടത്തണമെന്ന് വി.ഡി. സതീശൻ നിയമസഭയിൽ ആവശ്യപ്പെട്ടു. യുഡിഎഫ് ഭരണകാലത്ത് ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്നപ്പോൾ ഒപ്പിട്ട യൂണിറ്റിന് 4.29 രൂപയുടെ കരാറാണ് എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നയുടൻ റദ്ദാക്കിയത്. ഇതിനുശേഷമാണ് എട്ട് മുതൽ 14 രൂപ വരെ ഉയർന്ന നിരക്കിൽ പുറത്തുനിന്ന് വൈദ്യുതി വാങ്ങിയതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ഈ കാലയളവിൽ ആരിലൊക്കെ നിന്നാണ് ഉയർന്ന തുക നൽകി വൈദ്യുതി വാങ്ങിയതെന്ന് വിശദമായി പരിശോധിക്കണം. നിലവിൽ സംസ്ഥാനത്ത് 1200 മെഗാവാട്ടിൻറെ വൈദ്യുതി കുറവാണ് അനുഭവപ്പെടുന്നതെന്നും പ്രതിസന്ധി മറികടക്കാൻ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ ചെലവിൽ വൈദ്യുതി വാങ്ങാനുള്ള ശ്രമങ്ങൾ നടന്നു വരികയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെഎസ്ഇബിയെ പൂർണമായും പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് രാജ്യത്തെ ഏറ്റവും മികച്ച സ്ഥാപനമാക്കി മാറ്റുമെന്നും അദ്ദേഹം വ്യക്തമാക്കി.

## നെടുമ്പാശേരി അപകടം: വർഗീയ പ്രചാരണങ്ങളെ അപലപിച്ച് നിയമസഭ

തിരുവനന്തപുരം: നെടുമ്പാശ്ശേരിയിൽ മിനി കൂപ്പർ കാറിടിച്ച് മൂന്ന് യുവാക്കൾ മരിച്ച സംഭവത്തെ വർഗീയവത്കരിക്കാൻ സാമൂഹിക മാധ്യമങ്ങളിലൂടെ ശ്രമം നടക്കുന്നതിനെതിരെ നിയമസഭയിൽ ശക്തമായ പ്രതിഷേധം.

വിഷയം സഭയിൽ ഉന്നയിച്ച പ്രതിപക്ഷ നേതാവ് പിണറായി വിജയനും, ഇത്തരം പ്രചാരണങ്ങൾ മനുഷ്യത്വരഹിതവും സംസ്കാരത്തിന് നിരക്കാത്തതുമാണെന്ന് വ്യക്തമാക്കിയ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനും നടപടികൾ ശക്തമാക്കണമെന്ന് ആവശ്യപ്പെട്ടു.

അപകടത്തെ വർഗീയമായി സമീപിച്ച് അങ്ങേയറ്റം വൃത്തികെട്ട പ്രചാരണങ്ങൾ നടത്തിയവരെ പൂർണമായി അപലപിക്കണമെന്ന് പിണറായി വിജയൻ ആവശ്യപ്പെട്ടു. കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കാൻ സർക്കാർ ഒപ്പമുണ്ടെന്നും, ദുരന്തത്തെ പോലും വർഗീയവത്കരിക്കുന്നത് അംഗീകരിക്കാനാകില്ലെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയും വ്യക്തമാക്കി.